
# കാല്‌വരിയിലെ ക്രിസ്തു



…I, ELOI, LAMMA SABACHTHANI”

“…ന്റെ ദൈവമേ, എന്തുകൊണ്ടെന്നെ നീ കൈവിട്ടു?”

…പരിപൂരം കാല്‌വരിക്കുന്ന ഘോരം,
…ട മണിപാരം കൊട്ടി വേദാന്തസാരം;
…ുരഭാരം പേറിയ പ്രേമസാരം,
…മ ഗുരുധീരം മാഞ്ഞിതെൻ പ്രേമതാരം!”
(“ത്യാഗത്തിന്റെ ബലിപീഠത്തിൽ”)

T61
CA0

എ. ജെ. ചവറ.

## അച്ചടിയ്ക്കു് ആയമിടുന്ന ഗ്രന്ഥകാരന്റെ

# ഇതരകൃതികൾ

1. "പാടുന്ന പിണം"–"കലാകാരന്മാരുടെ കരളുരുക്കുന്ന ശോകാത്മകത്വവും, കവികളുടെ ഭാവനാവിലാസവും ഒന്നുചേർന്നിണങ്ങിയ, 'പാടുന്ന പിണം'–'തല കൊയ്യും പ്രണയം'–'അവൾ'–'ഹേ, ശവം, ബി. എ.' – എന്നീ അഞ്ചു കവനകലാതല്ലജങ്ങളുടെ കോരിത്തരിക്കലാണു്, "പാടുന്ന പിണം".

2. "അവളുടെ മുമ്പിൽ"–"പണമുണ്ടെങ്കിലും ഗുണമററ മനുഷ്യഷണ്ഡത്തിന്റെ അന്തസ്സാരവിഹീനതയെ ചോദ്യംചെയ്യുന്ന, 'അവളുടെ മുമ്പിൽ' – 'കരയുന്ന കൈവിലങ്ങു്' – 'ഇല്ല, കണ്ണുകൾ നിങ്ങൾക്കു്' – 'ജനിക്കാതിരുന്നെങ്കിൽ'– എന്നീ നാലു നല്ല കവനങ്ങളുടെ നർമ്മസല്ലാപമാണു്, "അവളുടെ മുമ്പിൽ" നിങ്ങൾ കേൾക്കുക".

3. "മഴവില്ലു മറഞ്ഞു നീ"–"മഴവില്ലും, മിന്നലൊളിയും, മകരന്ദമൂറുന്ന മലർജ്ജാലവും നമ്മെ ഹഠാദാകർഷിക്കുന്നു. എന്നാൽ നമ്മുടെ നേരെ ഒരു പ്രശ്നവുമുയർത്തി കേവലം ക്ഷണഭംഗുരങ്ങളായി അവകൾ മറഞ്ഞുപോകുന്നു. ഇതിന്റെ കാരണം കാണ്മാൻ പല കലാകാരന്മാരും കച്ചകെട്ടിയിറങ്ങിയിട്ടുണ്ടെങ്കിലും, ശ്രീ. എ ജെ. ചവറയുടെ നിരീക്ഷണം ഒന്നുവേറെതന്നെയാണു്. അഴകൊഴുകുന്ന അദ്ദേഹത്തിന്റെ തൂലികാചലനം, 'മഴവില്ലു മറഞ്ഞു നീ' – 'തലവിധി' – 'വിലസിയ പൂവു്'-'വിജയൻ ഏഴ്' – എന്നീ നാലു കവിതകളുടെ ഐകരൂപ്യത്തിലൂടെ നിങ്ങൾക്കു കാണ്മാൻ കഴിയും".

4. "ത്യാഗത്തിന്റെ ബലിപീഠത്തിൽ"–സഹനത്തിന്റെ സാന്ത്വനസന്ദേശം മുഴക്കി, ശാന്തിയുടെ കാന്തിചി

# കാല്‌വരിയിലെ ക്രിസ്തു

(ഒരു ഗദ്യകവിത)

## അഗസ്റ്റിൻ ജോസഫ്, ചവറ.

പ്രസാധകൻ:
എ. എഫ്. എം. ആലപ്പാട്ട്

DHARMARAM COLLEGE LIBRARY BANGALORE
14653

Printed at Assisi Press,
Quilon.
15-8-1957

പകർപ്പവകാശം ഗ്രന്ഥകാരനു്.

ഗ്രന്ഥകാരന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാണു്.

NATIONAL BOOK STALL SPCS LTD. KOTTAYAM

Price Rupee 1/-
" " $ 1/-

ഒന്നാം പതിപ്പ്, കാപ്പി 1,000

*Nihil Obstat:*

**Rev. Fr. Antony Dominic,**
St. Raphael's Seminary,
Quilon. 20-5-'56.

*Imprimatur:*

✠ **Jerome M. Fernandez,**
Bishop of Quilon.
May 29, 1956.



# സമർപ്പണം

അമ്മാ, അമ്മ ഇന്നു്, അങ്ങോട്ടു് ആരോഹണം ചെയ്കയാണു്! ആഗസ്റ്റു് പതിനഞ്ചു്! ആഹാ! ഞങ്ങൾക്കെന്നല്ലാ, ആർഷഭാരതത്തിനാസകലം പുളകം പൂശുന്ന ഒരു സുന്ദരദിനമാണിന്നു്! എന്റെ നാഥേ, അങ്ങേക്കറിയാം, ഈ വിധേയൻ ആരാണെന്നു്". അകം വെന്തുരുകി, വെടിച്ചു പുറത്തു ചാടിയ കുറേ വികാര വാചകങ്ങൾ ഞാൻ അമ്മക്കായി കോർത്തിണക്കി, ഒരു മാലയുണ്ടാക്കി. ഈ മാലയിലുള്ള ഓരോ വാചകമലരിനും, മണമുണ്ടോ, മധുവുണ്ടോ, വർണ്ണമുണ്ടോ, വശ്യതയുണ്ടോ എന്നൊന്നും എനിക്കറിവില്ല. എന്റെ അത്യധികമായ സ്നേഹം ഒന്നു മാത്രമാണു് എന്നെ ഈ സാഹസത്തിനു പ്രേരിപ്പിച്ചതു്. അമ്മാ, അതൊരപരാധമെങ്കിൽ, ദയാപൂർവ്വം മാപ്പുനല്കിയാലും!


ഇതാ, കൂപ്പുകൈകളോടുകൂടി ഞാൻ അടിയറ വയ്ക്കുകയാണ്, ഈ കൊച്ചു ഗ്രന്ഥം, അങ്ങേത്തിരുസന്നിധിയിൽ! അവിടത്തിൽ നിവർന്നു നില്ക്കാൻപോലും ഹൃദയമില്ലാത്തവിധം അത്രയ്ക്കു പീഡിതനാണു ഞാൻ; പാപിയാണു ഞാൻ! എനിയ്ക്കറിയാം, എന്റെ അമ്മ എന്നോടു പൊറുക്കുമെന്ന്; എന്റെ അപരാധങ്ങൾ മാക്കുമെന്ന്!

അമ്മാ, അത്യധികമായ ആപത്തിലും, ആനന്ദം മുളച്ച സമ്പത്തിലും എനിക്കു നീയല്ലേ, ആയിരുന്നു, ആകുന്നു, ഒരാലംബം; ഒരാനന്ദവും! അങ്ങേ ഫാററിമായിലെ ആ അത്ഭുതാരുവിയിലെ വിശുദ്ധ വാരിയിൽ മുക്കിയ എന്റെ ഈ വിനീത തൂലികകളും—ഇതാ, എന്നോടൊപ്പം അങ്ങേത്തിരുമുമ്പിൽ തല കുനിയ്ക്കുന്നു! അമ്മാ, അറയ്ക്കാതെയും, വെറുക്കാതെയും വേണം, അമ്മ എന്നെ അനുഗ്രഹിക്കുവാൻ! അവിടുത്തെ ആ അമൂല്യാനുഗ്രഹമൊന്നു മാത്രംമതി, ഞാൻ എന്റെ പരമ പാവനാന്ത്യത്തിൽ എത്തിച്ചേരാൻ!

ഇതാ, അമ്മയുടെ ആ അമലപാദകമലങ്ങളിലേയ്ക്ക്, എന്റെ ഈ കൊച്ചുമാലയെ അർപ്പണം ചെയ്യട്ടെ! "എന്റെ അമ്മേ, എന്റെ ആശ്രയമേ!"

E. S. Bedong,
Malaya.
15th August 1957.

**Augustine Joseph.**



ഗ്രന്ഥകർത്താവ്.

# ആമുഖം

അത്ര വലിയ ധൈര്യമൊന്നുമില്ല; എനിയ്ക്കു് ഈ പുസ്തകം നിങ്ങളുടെ മുമ്പിലേയ്ക്കു വിടുവാൻ!

1947–ആഗസ്റ്റ് പതിനഞ്ച്! ആർഷഭാരതം സ്വാതന്ത്ര്യം വരിച്ച ആ സൗഭാഗ്യദിവസം, എന്തൊരാനന്ദമായിരുന്നെന്നോ, ഞങ്ങൾക്ക്! അന്നു ഞാൻ നാഗർകോവിലിൽ, കാമ്മൽ ബോർഡിംഗ് ഹൗസിൽ ഒരു വിദ്യാർത്ഥിയായി താമസിക്കയായിരുന്നു. അന്നു രാത്രി എന്തോ, എനിക്ക് ഉറക്കം വന്നതേയില്ല. വല്ലാതെ കിടന്നു ഞാൻ ഞെളിയുകയും പിരിയുകയും ചെയ്യുകയായിരുന്നു. എൻെറ കിടക്കപോലും എന്നോടു കലമ്പിക്കോപിച്ചിരുന്നു എന്നു തോന്നുമാറ് ചുരുണ്ടുകൂടി അകലെക്കിടന്നിരുന്നു. അപ്പോഴായിരുന്നു, അവിടത്തെ നാഴികമണി പതിനൊന്നു പരുഷശകാരം പുറപ്പെടുവിച്ചു്. പെട്ടെന്നു ഞാൻ കണ്ണൊന്നു തുറന്നു; മണി നോക്കാൻ! പക്ഷേ എൻെറ കൺകൾ തുറക്കാൻ എനിക്കു കഴിഞ്ഞിരുന്നില്ല! ഏതോ ഒരു വികൃതരൂപം എന്നെ സമീപിക്കുംപോലെ എനിയ്ക്കു തോന്നി! ഞാൻ ഉറക്കത്തിൽത്തന്നെ ഒന്നു തുറിച്ചു നോക്കി. എനിയ്ക്കു് ആരുടെയോ അർദ്ധനഗ്നമായ ഒരു ശരീരം കാണ്മാൻ കഴിഞ്ഞു. അതാരായിരുന്നെന്നോ?



മുൾമുടി അടിച്ച തിനാൽ മുഖം മുഴുവൻ രക്തലിപ്തമായി, വിങ്ങി വിങ്ങിക്കരയുന്ന നമ്മുടെ ദിവ്യനാഥനായിരുന്നു, അതു്. ആ മുഖം അത്രയ്ക്കു ഭയങ്കരമായിരുന്നു. അതു് അതേപടിയ്ക്കു വരയ്ക്കുന്നതിന്ന് എനിക്കു ശേഷിയോ ശേമുഷിയോ ഇല്ലത്രേ! അത്രയ്ക്കു ഭയങ്കരവും ദാരുണവും, ബീഭത്സവും ശോകസങ്കുലവും, കാരുണ്യപൂർണ്ണവും എന്നാൽ അനുകമ്പാർദ്രവുമായിരുന്നു; ആ തിരുമുഖം!

അങ്ങനെ ഞാൻ ആ ശോകവദനം വീക്ഷിച്ചുകൊണ്ട് അതേ തറയിൽത്തന്നെ അതേ കിടപ്പിൽ കിടന്നിരുന്നു. അപ്പോഴായിരുന്നു; ഞങ്ങളുടെ Boarding Rector ആയിരുന്ന Rev. Brother Northalane എന്ന യൂറോപ്യൻവന്നു് എന്നെ കൈകളിൽ തട്ടിത്തട്ടി വിളിച്ചതു്. ഞാൻ ഞെട്ടിയെണീററു; മിഴിച്ചു നോക്കി; മണി ആററ കഴിഞ്ഞിരുന്നു. എൻെറ അന്നേരത്തെ നോട്ടം കണ്ടുകൊണ്ടദ്ദേഹം ചോദിച്ചു: "What, you are still dreaming Augustine?" ഞാൻ ഓടിയെണീററു മെത്ത തെറുത്തുവച്ചു......!

അന്നു രാത്രിതന്നെ ഞാൻ കണ്ടതായ ഈ ചിത്രം എൻെറ പുസ്തകത്തിൽ ഒന്നു വരച്ചുവച്ചു. അന്നുമുതൽ ഒരു വാരത്തിലധികം ദിനങ്ങളിൽ എനിക്കു് രാത്രികളിൽ ഉറക്കമേ

വന്നിരുന്നില്ല! അതിൻെറ ഒമ്പതാം ദിവസംതന്നെ ഞാൻ ഈ ചിത്രത്തിന്ന് ഒരു പൂൎണ്ണരൂപം നല്കി, പൂൎണ്ണവിരാമമിട്ടു! അങ്ങനെ അനവധി പ്രമാദങ്ങളുമായി ഞാൻ ഈ പുസ്തകം പെട്ടിയുടെ ഒരു മൂലയിൽ മൂടിവച്ചിരിക്കയായിരുന്നു. എന്നാൽ 5-5-1955-ൽ ഞാൻ ഇതു് ഒന്നുകൂടി വായിച്ചു നോക്കി. അങ്ങനെ സിംഗപ്പൂരിൽ വച്ചായിരുന്നു; ഞാൻ ഈ ചിത്രത്തിന്നു് ഒരന്ത്യരൂപം നല്കിയതു്.

ഏതാണ്ടു് ഇരുപതിൽപ്പരം സുഹൃത്തുക്കൾ എൻെറ ഈ കൊച്ചുകൃതി വായിച്ചുകേട്ടു; "വളരെ നന്നായിരിക്കുന്നു" എന്നഭിപ്രായപ്പെട്ടു! എങ്കിലും ശ്രീമാൻ എ. എഫ്. എം. ആലപ്പാടാണു് ഇതു് ഉടനടി വെളിച്ചത്തിലാക്കാൻ വെമ്പൽ കൊണ്ടതു്. അതിൻെറ ഫലമാണു് ഈ ഗ്രന്ഥം ഇന്നു നിങ്ങളെ സമീപിക്കുന്നതു്.

ഇതിൻെറ പ്രസിദ്ധീകരണത്തിനായി എന്നെ മനഃപ്പൂൎവ്വം സഹായിച്ച മഹത്തുക്കളായ A. F. M. ആലപ്പാട്ട്, J. പോളിക്കാപ്പ്, S. J. കോട്ടപ്പുറം എന്നിവരോടും, ഇതിൻെറ അച്ചടി ഏററവും ഭംഗിയായി വളരെ വേഗം നിൎവ്വഹിച്ചുതന്നതായ അസ്സീസി പ്രസ്സ് ഭാരവാഹികളോടും എനിക്കുള്ള കൃതകേതരമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

English School,<br>Bedong, Malaya,<br>15th August 1957.

സ്നേഹാദരപുരസ്സരം,<br>ഗ്രന്ഥകൎത്താവു്.

# പ്രസാധകക്കുറിപ്പു്

ശ്രീമാൻ അഗസ്റ്റിൻ ജോസഫിൻെറ വികാരഭരിതവും ഹൃദയാവർജ്ജകവുമായ ഈ ഗദ്യകവിത, അപ്രതീക്ഷിതമായി ഒരാവർത്തി വായിക്കുവാൻ എനിക്കു സന്ദർഭം കിട്ടി. അതിൻെറ ഫലമാണു് ഒരു ദശവത്സരമായി രചിച്ചു വച്ചിരുന്ന ഈ കടഞ്ഞെടുത്ത കവിത ഉടൻ തന്നെ പ്രസിദ്ധപ്പെടുത്തുവാൻ എന്നെ പ്രേരിപ്പിച്ചതു്.

വികാരത്തിൻെറ വേലിയേററംകൊണ്ടു് ഈ കവിതയിലെ ചില രംഗങ്ങൾ വായനക്കാരെ വിങ്ങി വിങ്ങിക്കരയിച്ചു എന്നു വരാം. വീരരൗദ്രാദി രസങ്ങളുടെ ഭീകരതകൊണ്ടു് ഇതിലെ ചില പ്രയോഗങ്ങൾ വായനക്കാർക്കു് സുഗ്രാഹ്യമല്ലെന്നും വന്നേക്കാം. എങ്കിലും ഇതിലെ അർത്ഥഗാംഭീര്യവും ആശയവൈശിഷ്ട്യവും, പ്രയോഗസ്വാരസ്യവും ഏതൊരു ഹൃദയത്തെയാണു് ആകർഷിക്കാതിരിക്കുക? നോക്കണം "നരവേട്ടയുടെ വെന്നിക്കൊടിയുമേന്തി, അവർ മുന്നേറുകയാണു്. നാഥൻ വിങ്ങി വിങ്ങി തൻെറ കാലടികളെ വലിച്ചിഴക്കുന്നു..." എന്നു തുടങ്ങി... "ഇത്തരുണത്തിൻെറ ദാരുണതകണ്ടുകൊണ്ടു് പൂന്തെന്നൽ നെടുവീർപ്പിട്ടു! പകലോൻ ഒന്നു പരുഷനായി ഒരു പെരുമൂച്ചുവച്ചു!! വിശ്വംഭര വേപഥുഗാത്രയായി!!! ഹിമാലയൻ ഒന്നു കുനിഞ്ഞുനോക്കിക്കുഞ്ഞിതകുതസിയായി. കടലലകൾ ഒന്നു കുതികാലുയർത്തി, ത്തുറിച്ചുനോക്കി, തേങ്ങിക്കരഞ്ഞു തളർന്നുവീണു. മേഘവൃന്ദങ്ങൾ തമ്മിലടിച്ചു്, കെട്ടിപ്പിടിച്ചു, പൊട്ടിച്ചിതറി. കരൾ വിണ്ടുരുധിരബാഷ്പവർഷിയായ കതിരവൻ ആ കരിമേഘത്തുണ്ടുകൊണ്ടു തൻെറ കൺതുടച്ചു! അങ്ങനെ വിശ്വംഭര ഒരു

നെടുവീർപ്പിട്ടു ഞെട്ടിക്കരഞ്ഞു; വിശ്വസ്രഷ്ടാവിൻെറ ആ വീഴ്ചകണ്ടയുടൻ!? എന്നും മററുമുള്ള ഭാഗങ്ങൾ എത്ര ഹൃദ്യമായിരിക്കുന്നു. (Page 9)

അവയവവിഹീനനായ ഹിമാലയനെ ഒന്നു തല കുനിപ്പിക്കാനും, കാൽകരങ്ങളില്ലാത്ത മേഘവൃന്ദങ്ങളെ കെട്ടിപ്പിടിക്കാനും, അംഗശൂന്യനായ അംശുമാനെക്കൊണ്ടു തൻെറ കൺ തുടപ്പിക്കാനും ഉള്ള കഴിവു് ഈ കൊച്ചുകലാകാരൻെറ തൂലികയ്ക്കു കൈയ്‌വന്നിട്ടുണ്ടു്. ഇതുപോലെ ഭാവനാസമ്പുഷ്ടമായ നിരവധി പ്രസ്താവനകൾ ഈ കവിതയിൽ നിറഞ്ഞൊഴുകുന്നുണ്ടു്.

കൊച്ചു കൊച്ചു വാചകങ്ങളിലൂടെ വലിയ വലിയ കാര്യങ്ങളെ പറഞ്ഞു ഫലിപ്പിക്കാനും വലിയ വലിയ ഭാവനകളെ ചെറിയ ചെറിയ പ്രയോഗങ്ങളിൽ പ്രതിഫലിപ്പിക്കാനും ഉള്ള കഴിവും കലാസിദ്ധിയും ഇദ്ദേഹത്തിനു് ഒന്നു വേറെ തന്നെയാണ്.

ഇങ്ങനെ കേവലം കട്ടകമണിപോലെ ചെറുതെങ്കിലും ആശയത്തിൽ അതിവിശാലമായ ഈ കൊച്ചുപുസ്തകത്തിൻെറ പ്രസാധകത്വം എടുക്കുന്നതിനു് എനിയ്ക്കു് അതിയായ ആനന്ദമുണ്ടു്. ഈ ദിവ്യഗ്രന്ഥത്തിനും, തൽകർത്താവിൻെറ ഇതരകൃതികൾക്കും, പ്രചുരപ്രചാരവും, ഗ്രന്ഥകാരനു് ഭാസുരഭാവിയും നേൎന്നുകൊള്ളുന്നു.

പ്രസാധകൻ.

എ. എഫ് എം. ആലപ്പാട്ട്, (Sd) **A. F. M. Alappadu,**
കോലാല കെട്ടിൽ, മലയാ. Kualaketil,
8—8—'957. Malaya.

## "A COMMENT"

1

In a world which is struggling from the crest of one crisis to another destruction haunts it at every turn there is no better guide, no better healing balm, than the glorious example of Jesus Christ. His was the way of peace, and if only men followed Him, there would have been "Peace on earth and good will to men"!

At such a time, a book like that of Mr. Augustine Joseph, ("The Christ on Calvary") .“കാൽവരിയിലെ ക്രിസ്തു”- will go a long way, to bring peace to the disturbed minds of men.

The author portrays the passion of Our Lord Jesus Christ in all its gruesome splendour and with great vividness, and it deserves to be read not only by all those who would like to get a true insight into the great love which God has for mankind, but also by those who would like merely enjoy a literary treat. As an up and coming young author, I wish him all success.

Sungei Patani,
14—8—1957.

Sd. J. S. N. Noronha M.A.,
Ibrahim School, Kedah,
Malaya.

# അവതാരിക

അത്ര വലിയ പാണ്ഡിത്യമൊന്നും, എനിയ്ക്കു മലയാളത്തിലില്ല. കേരളക്കരവിട്ട് അനവധി വഷങ്ങളായി, ഒരാംഗലസ്ക്കൂളിൻെറ പ്രഥമാദ്ധ്യാപകനായി കഴിഞ്ഞുകൂടിയ എനിയ്ക്കു് മലയാള സാഹിത്യലോകത്തിൽ പരിഗണനീയമായ ഒരു പദവിയോ, പരിജ്ഞാനമോ ഇല്ലെങ്കിലും, കൈരളീയ കലാദേവിയുടെ മക്കളിൽ ഞാനും ഒരുവനാണെന്നുള്ള അവകാശത്തെയും അഭിമാനത്തെയും ആസ്പദമാക്കി, ശ്രീ. അഗസ്റ്റിൻ ജോസഫിൻെറ കവനകലാപാടവത്തെയും ഭാവനാവൈഭവത്തെയും പ്രസ്പഷ്ടമാക്കുന്ന ഈ "കാൽവരിയിലെ ക്രിസ്തു" എന്ന ഗദ്യകവിതയെ സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിനു് എനിയ്ക്കു് അതിരററ ആനന്ദമുണ്ടു്.

"കാൽവരിയിലെ ക്രിസ്തു". ഇതൊരു ഗദ്യകവിത എന്നതിനേക്കാൾ ഒരു ചിത്രകവിത കൂടിയല്ലേ എന്നു ഞാൻ ചോദിക്കുന്നു? ഒരു ചിത്രകാരൻ തൻെറ അത്യാകഷകമായ വണ്ണവൈവിധ്യംകൊണ്ടു് ഒരു പ്രചുരപ്രചാരമായ ചിത്രത്തെ എങ്ങനെ എഴുതി വയ്ക്കുന്നുവോ അതുപോലെ ശ്രീ. അഗസ്റ്റിൻ തൻെറ അനുഭവൈകവേദ്യമായ പ്രയോഗഗാംഭീര്യംകൊണ്ടും, ഭാവനാചാതുര്യംകൊണ്ടും, അത്ഥപുഷ്ടിയോടുകൂടി എഴുതിതീത്തിരിക്കുന്ന ഒരു ശോകാന്തചിത്രമല്ലേ— ഈ കൃതി? "ഗോൽഗത്താ"—എന്ന പേരു് അതഥിക്കുന്ന അത്ഥഗൗരവത്തോടുകൂടിത്തന്നെ അതേ കപാലത്തിൻെറ— അഥവാ—തലയോട്ടിയുടെ അതേ ആകൃതിയിൽത്തന്നെ ഇദ്ദേഹം കൊത്തി വച്ചിട്ടുണ്ടു്. അങ്ങനെ ഓരോന്നും.

ഈ ഗദ്യകൃതിയിലുള്ള ഓരോ വാക്കുകളും അദ്ദേഹം കടഞ്ഞെടുത്തു വച്ചിരിക്കയാണോ എന്നു തോന്നുമാറ് അത്രയ്ക്ക് ഇതു നന്നായിട്ടുണ്ട്. ഒഴുക്കും ഓജസ്സും, കൊഴുപ്പും മെഴുപ്പും, വെടിപ്പും ചൊടിപ്പും നിറഞ്ഞ ഓരോ ഗോമേദകക്കല്ലുകളെയും കോർത്തിണക്കിയാണ് ശ്രീ. അഗസ്റ്റിൻ ഈ മലയാള സാഹിത്യമൗക്തികമാല്യം കെട്ടിയെടുത്തിരിക്കുന്നത്.

ഒരു കൗടില്യകൃത്യം കാണുമ്പോൾ നീതിമാനായ ഒരാൾക്ക് എന്തൊരു വികാരം തോന്നുമോ—അതേ വികാരം തന്നെയാണ് ഈ കലാകാരനും തോന്നിയിട്ടുള്ളത്. നിരപരാധിയും, നീതിമാനും, നിഖിലേശനുമായ ശ്രീ യേശുഭഗവാനെ നിഷ്ഠുരന്മാരായ ആ യഹൂദഭടന്മാർ നിർദ്ദയം മർദ്ദിക്കുന്നതു കാണുമ്പോൾ കവിയ്ക്കു പലതും തോന്നുന്നു. എങ്കിലും, തൻെറ കരുണ, വീര, രൗദ്രാദി വികാരങ്ങളെ ഒന്നു ചേർത്തുക്കിയ ചില കടഞ്ഞെടുത്ത കൊച്ചു കൊച്ചു വാക്കുകളിലൂടെ കവിയുടെ വികാരങ്ങൾ പുറത്തേക്കു വലിച്ചെറിയുന്നു. നോക്കുക, ഒരു സന്ദർഭം!

"അപരാധികളായ യഹൂദമേധാവികൾ" ... എന്നു തുടങ്ങി... "സ്നേഹസാന്ദ്രസൗഗന്ധികം നിരർഗ്ഗളം വിനിർഗ്ഗളിക്കുന്ന ആ കല്പപാദപത്തെയാണു നിങ്ങൾ കണ്ണീരോടുകൂടി കണ്ടെത്തുക" (Page 7) ഈ ഉദ്ധാരണത്തിൽ ഇദ്ദേഹം അനാവശ്യമായി ഒരു ഒററപ്പദംപോലും ചേർത്തിട്ടില്ലെന്നാണ് എനിയ്ക്കു തോന്നുന്നത്. എന്നാൽ അതിൽനിന്നും നാം ഒരു വാക്കെടുത്തിട്ട് വേറൊരു വാക്കു ചേർക്കുകയാണെങ്കിൽ അതിൻെറ വഴിഞ്ഞൊഴുകുന്ന അഴകു കുറഞ്ഞു പോകാനും ഇടയുണ്ട്. അത്രയ്ക്കു ഇമ്പവും സന്ദർഭാനുകൂലവുമായ ഒരു പ്രസ്താവനയല്ലേ അതു്? നിശ്ചയമായും!

ലോകചരിത്രത്തിൽ വിശ്വവിഖ്യാതരായ Shakespeare, Milton, കാളിദാസൻ, ടാഗോർ മുതലായ എത്രയോ വിശ്വമഹാകവികൾ മനുഷ്യഹൃദയത്തെ സ്പർശിക്കുന്ന എത്രയെത്ര നാടകങ്ങൾ തന്നെ വിരചിച്ചിട്ടില്ല! എന്തെന്തു ഭാവനാചാതുര്യത്തിൽ മനുഷ്യമാനസം കവർന്നിട്ടില്ല!! ഏതേതു ചിന്താമണ്ഡലത്തിൽ അവരെപ്പിടിച്ചിരുത്തി ചിന്തിപ്പിച്ച് ശോകമൂകരാക്കിയിട്ടുമില്ല!! എന്നാൽ സുമാർ പത്തൊമ്പതു ശതാബ്ദങ്ങൾക്കുമുമ്പു നടന്നതും അഖിലലോകശ്രദ്ധയെ ആകർഷിക്കുന്നതുമായ ഈ ശോകനാടകത്തിലും അതീതമായ മറെറാരു ശോകാത്മകമായ കഥാവസ്തു സാഹിത്യപ്രവീണരുടെ ദൃഷ്ടിക്കു് ഗോചരമായിട്ടില്ലെന്നു പറയുന്നതിൽ ഏതൊരു വായനക്കാരനും എന്നോടു യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ക്രിസ്തുനാഥൻെറ കാൽവരിയിലേക്കുള്ള ആ വൈതരണി—തനിക്കു നേരിടുന്ന തീരാദുരന്തങ്ങൾ—കുരിശിൽക്കിടന്നു്, വിങ്ങി വിങ്ങിക്കരഞ്ഞുകൊണ്ടുള്ള തൻെറ അന്ത്യസന്ദേശങ്ങൾ, ഇവയെല്ലാം ഏതൊരു ശിലാഹൃദയത്തെയാണു സ്പർശിക്കാതെ പോവുക?

ശ്രീ അഗസ്റ്റിൻെറ ഭാഷാരീതി കുറേ കഠിനമായിപ്പോയി എന്നു് ചില വായനക്കാർക്കു തോന്നിയേക്കാം. എന്നാൽ പ്രസ്തുത പരിതസ്ഥിതികളിൽ വായനക്കാരെ ചിന്തിപ്പിക്കാനും, കരയിക്കാനും, വീർപ്പുമുട്ടിക്കാനും ഉപയുക്തമാകത്തക്കവണ്ണം ഉപയോഗിച്ചിരിക്കുന്ന ഈ ഭാഷ ഏററവും ഔചിത്യവും, അനുയോജ്യവുമാണെന്നാണു് എനിക്കു തോന്നുന്നതു്. വിശ്വമഹാകവി Shakespeare പോലും ചില സന്ദർഭങ്ങളിൽ തൻെറ ആശയങ്ങൾക്കു് അർത്ഥപുഷ്ടിവരുത്തുവാൻ ചില വാക്കുകൾ സ്വയം നിർമ്മിച്ചിട്ടുള്ളതായി സാഹിത്യപ്രവീണന്മാർ അഭിപ്രായപ്പെടുന്നു. അതുപോലെ തൻെറ

ആശയങ്ങൾക്കും വികാര വൈവിദ്ധ്യങ്ങൾക്കും പ്രസ്പഷ്ടമായ ഒരു രൂപം കൊടുക്കുവാൻ ഗ്രന്ഥകർത്താവുപയോഗിച്ച ഭാഷയെ ഞാൻ സ്വാഗതം ചെയ്യുകയും അനുമോദിക്കുകയും ചെയ്യുന്നു!

ഈ ഗ്രന്ഥകാരനോടുതന്നെ ഞാൻ ഈപ്പുസ്തകത്തെപ്പററി നേരിട്ടു ചോദിച്ചു; ഇത്രയും നാൾ ഈ പുസ്തകം വെളിയ്ക്കു വിടാതിരുന്നതെന്തുകൊണ്ടാണെന്ന്? അപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി "ഇതു് അത്ര പെട്ടെന്നു് എഴുതിതീർത്തു് കാശുവാങ്ങുവാനായി അച്ചടിക്കാനുദ്യമിച്ച ഒന്നല്ല" എന്നാണ്. 1947 ആഗസ്റ്റ് പതിനഞ്ചിനെഴുതിയ ഈ പുസ്തകം—1957 ആഗസ്റ്റ് പതിനഞ്ചുവരെ ഇദ്ദേഹം എന്തെല്ലാം മാററങ്ങൾ വരുത്തിയിരിക്കയില്ല.

ഈ സന്ദർഭത്തിൽ Gray's Elegy യിലെ ഒരു ഭാഗം എൻെറ സ്മരണയിൽ വരുന്നു.

"Full many a gem of purest ray serene,
The dark unfathomed caves of ocean bear;
Full many a flower is born to blush unseen,
And waste its fragrance in the desert air."

"സാഹചര്യങ്ങളുടെ പ്രാതികൂല്യംകൊണ്ടും, ദുർഘടതകളുടെ സമ്മർദ്ദംകൊണ്ടും, ലോകോത്തരന്മാരായി പരിലസിക്കേണ്ട എത്രയെത്ര മഹാന്മാരാണ് കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തിരിക്കുന്നതു്."

യഥാർത്ഥത്തിൽ തിരോധാനം ചെയ്തിട്ടില്ലെങ്കിലും ഈ മഹാനുഭാവൻ ഇക്കൂട്ടത്തിൽപ്പെട്ട ഒരു വ്യക്തിയാണെന്നാണ് എൻെറ ബലമായ അഭിപ്രായം. ജന്മസിദ്ധമായ കവിതാ

വാസന—വരപ്രാപ്തി (Gift) ഇദ്ദേഹത്തിൻെറ എല്ലാ കൃതികളിലും പ്രസ്പഷ്ടമായി കാണാം. "Lord Chesterfield" നെപ്പോലുള്ള നിരവധി പരിരക്ഷകന്മാർ (Patrons) ആണ്, ഇദ്ദേഹത്തിനുള്ളത്. അല്ലെങ്കിൽ ഈ യുവകവി എത്രയോ മുമ്പേതന്നെ കേരളസാഹിത്യ ലോകത്തിൽ ഒരു ചെറിയ സമ്രാട്ടായി പരിലസിക്കുമായിരുന്നു.

ശ്രീ. അഗസ്റ്റിൻ ഒരു Samuel Johnson-നോ അഥവാ ഒരു കാളിദാസനോ ആകേണ്ട സർവ്വലക്ഷണങ്ങളും ഈ കൃതിയിൽ സ്ഫുരിക്കുന്നുണ്ട്. കവിയുടെ തികഞ്ഞ ഭാവനയും, നിറഞ്ഞ ചിന്താപാരമ്യവും നോക്കുക! ശ്രീയേശുനാഥൻെറ ആ ദുരന്തയാത്രയിൽ സർവ്വരാലും പരിത്യക്തനായ അവിടുന്ന്, തൻെറ അമ്മയെ ഒരു കുറിയൊന്നു വീക്ഷിച്ചപ്പോൾ ശ്രീയേശുനാഥനുണ്ടായ അനുഭവത്തെ—അഥവാ—അന്നേരം പ്രപഞ്ചത്തിനുണ്ടാകാവുന്ന അവസ്ഥയെ എത്ര തന്മയത്വമായി അദ്ദേഹം ചിത്രീകരിക്കുന്നു.

"നിങ്ങൾ ഒന്നു ചിന്തിക്കൂ;" (Page8) എന്നു തുടങ്ങി "ആ സ്നേഹത്തിടമ്പുകളുടെ ഹൃദയത്തുടിപ്പുകൾ തമ്മിലടിച്ച്, ചക്രവാള സീമയുമുടച്ച്, വിണ്ഡലത്തിനു വീഴ്പ്പിളക്കിയിരിക്കണം. മാരുതൻ നിലച്ചിരിക്കും! പാറകൾ പിളന്നിരിക്കും!! ആ ജഗന്നിയന്താവിൻെറ കരൾ മിടിച്ചു മിടിച്ചു പൊടിഞ്ഞു പോയിരിക്കും!!! അതാ, അമ്മയും, മകനും!..." നോക്കണം. നിങ്ങൾക്കു വാസ്തവത്തിൽ ആ അമ്മയേയും മകനേയും അതേ പടിക്ക് ഒരു ചിത്രത്തിലെന്നപോലെ കാണാം, ഈ ചിത്രഗദ്യ കവിതയിൽ! അത്രയ്ക്കു സുന്ദരമാണ്, ഇതിലെ ഭാഷാരീതി അത്രസംവിധിതമാണ്, ഇതിലെ പ്രയോഗങ്ങൾ!! അത്രയ്ക്കു സംവേദ്യകമാണ് ഇതിലെ വികാരങ്ങൾ!!!

ഒന്നുകൂടി നമുക്ക് ഉള്ളിലേയ്ക്കു കടക്കാം. ക്രിസ്തുഭഗവാൻെറ ആ മരണത്തിനുശേഷം — കവിയുടെ ഒരാത്മഗതം —അഥവാ — ആ യഹൂദ വംശത്തിനു നല്കുന്ന ഒരനുശാസനം നോക്കുക:

"അല്ലല്ലാ, ഹേ, നന്ദികെട്ട ജനസമൂഹമേ, നീ ക്രൂശിച്ചതാരെയെന്നോ? നിനക്കറിഞ്ഞുകൂടല്ലോ. ഞാൻ പറഞ്ഞുതരാം. ഒന്നു തിരിഞ്ഞു നോക്കൂ. ആ കാനായിലെ കല്യാണത്തിന് കല്യാണകൈവല്യം കൊളുത്തിയ കാരുണ്യമൂർത്തിയെയാണു നീ നിഗ്രഹനിച്ചതു്..." എന്നു തുടങ്ങി ക്രിസ്തുദേവൻെറ ആദ്യത്തെ അത്ഭുതകൃത്യം മുതൽ മരണംവരെയുള്ള സകലവിധ അതിശയ കൃത്യങ്ങളെയും ഏതാണ്ടിവിടെ സംക്ഷേപിച്ചിട്ടുണ്ട്. ഇത്രയ്ക്കു പരമപുരുഷനായ ഈ മഹേശ്വരൻെറ നിഗ്രഹത്തിൽ അവരുടെ മഹാപാപം കേവലം ഭീകരമെന്നു കാണിക്കുന്നു. ഈ മഹാവർണ്ണനകൾ, അദ്ദേഹം കേവലം ഒരൊററ മഹാവാക്യത്തിലാണ് സംഗ്രഹിച്ചിരിക്കുന്നതു്. നോക്കുക: "നശിച്ച ലോകമേ, ഈ വിശ്വംഭരയിലുള്ള സകല വങ്കടലുകളൊന്നുചേർന്നു വന്നാലും, സകല കൊണ്ടൽത്തുണ്ടുകളൊരുമിച്ചു മഴപൊഴിച്ചാലും, നിൻെറ ഈ പാപപങ്കം പ്രക്ഷാളനം ചെയ്യുക സാദ്ധ്യമോ??? ഈ ചോദ്യത്തിനു പിന്നിലായി ഇദ്ദേഹം മൂന്നു വലിയ ചോദ്യചിഹ്നങ്ങൾ ഉന്നയിച്ചിരിക്കുന്നു. എന്നാൽ, എൻെറ അഭിപ്രായം മൂന്നു പോരാ, — സകല മേഘങ്ങളിലും — സകല കടലുകളിലും കൂടിയിരിക്കത്തക്കവണ്ണം, അതിൻെറ എണ്ണവും വണ്ണവും കൂട്ടണമെന്നാണ്. കാരണം അത്രയ്ക്ക്. അതിവിശാലമായ ഒരു ചോദ്യമാണ് കവി ആ ജനസമൂഹത്തോട് — ഒരു പക്ഷേ — ചിന്താശാലികളായ സഹൃദയലോകത്തോടു തന്നെയും വലിച്ചെറിയുന്നതു്.

ഈ ദിവ്യമായ ഗ്രന്ഥം — ഭവ്യമായ ഈ കവനകലാതല്ലജം ഞാൻ രണ്ടുമൂന്നാവർത്തി വായിച്ചു. എൻെറ കണ്ണുകൾ

നിറഞ്ഞു. അശ്രുകണം മഴത്തുള്ളികൾപോലെ ഇററിററു വീണു. ഈ കൃതിയിൽ പ്രയോഗിച്ചിരിക്കുന്ന ഭാവനാവിലാസവും അർത്ഥഗാംഭീര്യവും തികച്ചും പ്രശംസനീയമാണു്.

യേശുനാഥൻ തന്റെ ഭാരമേറിയ കുരിശും ചുമന്നു് ആ കാൽവരിക്കുന്നു കേറുന്ന മർമ്മഭേദകമായ രംഗങ്ങൾ, ആ പരിശുദ്ധമാതാവു് തന്റെ ഓമനക്കുമാരനെ അവസാനമായ് കാണുന്ന ആ കാഴ്ച, രണ്ടു തസ്കരന്മാരുടെ നടുവിൽ താൻ കുരിശിൽ തൂങ്ങിക്കിടന്നു് മാഴ്കുന്ന ആ അതിശോചനീയമായ രംഗങ്ങൾ, ആ സന്തപ്ത സമ്പുളിതമായ അന്ത്യവാർത്തകൾ വിശിഷ്യാ, "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്നു്, ഇവരറിയുന്നില്ല; ഇവരോടു ക്ഷമിക്കേണമേ!"—എന്നും മററുമുള്ള ശോകാന്തരംഗങ്ങളെ വാസ്തവത്തിൽ ശ്രീ. അഗസ്റ്റിൻ തന്റെ കലാതൂലികകൊണ്ടു് Paint ചെയ്തു വച്ചിരിക്കയാണു്. ഈ ചിത്രം കാണുന്നതിനോ, അതു നോക്കി ചിന്തിച്ചു സന്തപിക്കുന്നതിനോ, സാന്ത്വനമരുളുന്നതിനോ, ഏതൊരു ജാതി മതക്കാരനാണു്, അറയ്ക്കുന്നതു്, വെറുക്കുന്നതു്? ആരും തന്നെ ഉണ്ടാകയില്ല.

ഗ്രന്ഥകാരന്റെ പ്രഥമകൃതിയായ, "സുഷമ" എന്ന പദ്യകൃതിയിലും ഞാൻ ഒന്നു കണ്ണോടിച്ചു. "It is an excellent piece of Malayalam poetry, that deserves popular approbation and sincere support..."

ഇദ്ദേഹത്തിനും തന്റെ പ്രസിദ്ധീകരണങ്ങൾക്കും സൽഭാവുകങ്ങളും ആശംസിക്കുന്നു. ഇതോടുകൂടി കേവലം കടുകുമണിപോലെ ചെറുതെങ്കിലും അതിഗഹനമായ ഈ "കാൽവരിയിലെ ക്രിസ്തു" എന്ന ഗദ്യകവിതയെ ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു!

Sungei Patani
8—8—1957

(Sd) **G. C. Philip B. A; L. T.**
Ex. Principal, Coronation English School
Taiping, MALAYA.

# അഭിപ്രായങ്ങൾ

## 2

അധികമൊന്നും പറയണമെന്നില്ല, ശ്രീ. അഗസ്റ്റിൻ ജോസഫിൻെറ സാഹിത്യപുരോഗമനത്തെപ്പററി. ഇന്നത്തെ മലയാളരീതിയെ തികച്ചും അദ്ദേഹം വിഗണിച്ചിട്ടില്ല. ഈ "കാൽവരിയിലെ ക്രിസ്തു"വിൽ സാഹിത്യമഹാസമുദ്രത്തിൻെറ ഒരു ഛായയുണ്ട്. മഹാസമുദ്രം ഗഹനവും വികാരമാകുന്ന കൊടുങ്കാററടിക്കുമ്പോൾ അലയടിച്ചു പൊടിയുന്ന ഭീകരാരവസമന്വിതവും ആകാറുണ്ടല്ലോ. അതുവിധം ഈ ഗദ്യകവിതയിൽ അങ്ങിങ്ങായി ചില കോരിത്തരിപ്പുകൾ കാണാം. ചിലേടം ലളിതവും കോമളവും വായനക്കാരാകുന്ന നാവികക്ക് മുന്നേററത്തിനു സുഗമവുമാണ്. എന്നാൽ മററു ചിലേടം ഗഹനവും, വികാരപാരവശ്യത്തിൽ കടലലകളാൽ ഗാംഭീര്യവുമാണ്. മഹാസമുദ്രത്തിൽ ചിലേടം അത്യഗാധത നിമിത്തം ശാന്തസുന്ദരമാണ്. എന്നാൽ മററു ചിലേടം കേവലം മണൽത്തിട്ടുകളാണ്. ചിലയിടങ്ങളിൽ വികാരവായുവിൻെറ കോരിത്തരിക്കലുകളും നമുക്കു കാണാം. ഈ മാനദണ്ഡം വച്ചുകൊണ്ട് ഈ യുവസാഹിത്യകാരൻെറ പിഞ്ചുകവിതയെ ഒന്നു സിംഹാവലോകനം ചെയ്താൽ അതു കേവലം ഹൃദ്യമെന്നേ ഒരു പണ്ഡിതനു പറയാൻ കഴിയൂ.

ഇദ്ദേഹത്തിൻെറ പ്രയോഗം, ഭാഷാരീതി, ഭാവപ്രകടനങ്ങൾ ഇവയെല്ലാം തികച്ചും സ്തുത്യർഹമായിട്ടുണ്ട്. ക്രിസ്തുനാഥൻെറ പരിപൂതപരിസ്രുതമായ രക്തധാരയെപ്പററി വീക്ഷിച്ച് ശോകാകുലനാകുന്ന കലാകാരൻ ഇങ്ങനെയാണ് സ്വയം സാന്ത്വനമടയുക: "മരുഭൂമിയ്ക്കു മലർവാടിയും, കൂരിരുട്ടിനു കുളിർതാരകയും, മഹാസാഗരത്തിനു മണൽത്തിട്ട

കളും, ഉച്ചവെയിലിനു, പച്ചിലപ്പരവതാനിയും ദൂരത്തി ന് അത്യാനന്ദവും അമ്പോടണയ്ക്കുന്ന, ആ കുളിരിളം കതി രൊളി തിരളുന്ന മഞ്ജുളകളേബരത്തെ ഹേ, വൃകവൃന്ദമേ, നിങ്ങൾ അള്ളിയള്ളികീറിയല്ലോ''! കഠനമെങ്കിലും ഹൃദ യസ്പൃക്കായ ഈ പ്രസ്താവന ഏതൊരു ശീലാഹൃദയത്തെ യാണു സ്പർശിക്കാതെ പോവുക? ഇതുപോലെ ഉദ്ധാരണ യോഗ്യങ്ങളായ നിരവധി കാവ്യകണികകൾ ഇതിൽ നിറ ഞ്ഞു കിടപ്പുണ്ട്.

പ്രഥമ കാവ്യമായ സുഷമയിലൂടെത്തന്നെ ഇദ്ദേഹം വാസനാവൈഭവമുള്ള ഒരു കവിയെന്ന് സഹൃദയർക്കു ബോ ദ്ധ്യമായി. എങ്കിലും അതു രണ്ടാമത്തെ ഈ കാൽവെപ്പി ലെത്തിയപ്പോൾ തികച്ചും യാഥാർത്ഥ്യമായി മാറിക്കഴിഞ്ഞു. യുവസാഹിത്യകാരനും കഥാകൃത്തും, കാഥികനും കവിയുമാ യ ശ്രീ. അഗസ്റ്റിൻ ജോസഫിനും അദ്ദേഹത്തിൻെറ ഈ വിശിഷ്ട ഗ്രന്ഥത്തിനും ഭാസുരഭാവിയും പ്രചുരപ്രചാരവും നേൎന്നുകൊള്ളുന്നു.

Ernakulam 5—5—1957. **Advocate, Henry Austin B. A. B. L.,** Kerala High Court.

3

My dear Augustine Joseph,

നിങ്ങൾ അയച്ചുതന്ന "കാൽവരിയിലെ ക്രിസ്തു'' എ ന്ന ഗദ്യകവിത ചികിത്സയിൽ കഴിഞ്ഞുകൂടുന്ന ഞാൻ ഒരാ വൎത്തി വായിച്ചു. ഒരു വിശിഷ്ട ഗ്രന്ഥംതന്നെ നിങ്ങൾ വിര ചിച്ചിരിക്കുന്നു. അതു എന്നെ സന്തുഷ്ടനാക്കുകതന്നെയല്ല, എൻെറ ഹൃദയത്തെ അതിൽ പലതും സ്പർശിക്കുകകൂടി ചെയ്തു

രിക്കുന്നു. ലളിതകോമളമായ ഭാഷയിൽ നിർമ്മിതമായ ഈ കൃതി കൈരളിക്ക് ഒരനുഗ്രഹവും, അനുവാചകക്ക് ആസ്വാദജനകവും കാൽവരിഗിരിമുകളിൽ നടമാടിയ ദിവ്യബലിവഴി രക്ഷനേടാൻ ഓരോ കൊടിയ പാതകിയ്ക്കും പ്രചോദനം നല്കുന്നതുമാണ്.

ഈ വിശിഷ്ട ഗ്രന്ഥത്തിന് പ്രചുരപ്രചാരവും, ഗ്രന്ഥകാരനായ നിങ്ങൾക്ക് എൻെറ ഹാർദ്ദമായ അഭിനന്ദനങ്ങളും നേർന്നുകൊള്ളുന്നു.

Kottayam, 2—5—1957

**Rev. Fr. Joseph Nedumchira, O. S. H.**
Kottayam, Kerala.

4

ശ്രീ. അഗസ്റ്റിൻ ജോസഫിൻെറ സരസസുന്ദരമായ ഈ ഗദ്യകവിത വികാര ബഹുലങ്ങളാൽ കലുഷിതമായ ഹൃദയത്തോടെ ഞാൻ ആകുംവണ്ണം വായിച്ചു; സന്തപിച്ചു, ചിന്തിച്ചു, സമാശ്വസിച്ചു!

ഈ ഗദ്യകവിതയിലെ കഥാവസ്തുവിന് ആധുനിക കഥാകൃത്തുക്കളുടെ സൃഷ്ടികൾപോലുള്ള പുതുമയില്ലെങ്കിലും രണ്ടായിരം കൊല്ലങ്ങളായി യഥാർത്ഥ മനുഷ്യക്ക് സുപരിചിതവും, ലോകാവസാനംവരെ പണ്ഡിതപാമരപര്യന്തം ഒന്നുപോലെ ചിന്താവിഷയവുമായി പരിലസിക്കുന്ന ഒരു മഹൽ സത്യമാണെന്നു ലോകം സമ്മതിക്കുന്നു! പക്ഷേ, "കാൽവരിയിലെ ക്രിസ്തു'' ശ്രീ. അഗസ്റ്റിൻെറ ഭാഷയിൽ വായിച്ചു ചിന്തിക്കുമ്പോൾ അതിൽ ഒരു പ്രത്യേക പുതുമ എനിയ്ക്കു തോന്നുന്നുണ്ട്.

ചിന്താവിഷയങ്ങളായ പല തത്വങ്ങളും ശ്രീ. അഗസ്റ്റിൻ വായനക്കാർക്ക് തുറന്നു കാണിച്ച് അവരെ ചിന്താധീനരാക്കുന്നു. ഈ ചെപ്പടിവിദ്യ എല്ലാ സാഹിത്യകാരന്മാർക്കും സാധിക്കാവുന്ന ഒന്നല്ല! ക്രിസ്തുദേവൻെറ കാൽവരിയിലെ യാതനകളെപ്പററി പല പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. കാഥികന്മാരും മതാചാര്യന്മാരും തന്മയത്വേന വിശദവിവരണം നടത്തുന്നതും കേട്ടിട്ടുണ്ട്. ചില ചലച്ചിത്രങ്ങളും കണ്ടിട്ടുണ്ട്. എന്നാൽ ശ്രീ. അഗസ്റ്റിൻെറ മണിപ്രവാളസുന്ദരമായ ഭാഷയിൽ ഞാൻ ക്രിസ്തുഭഗവാനെ കുറേക്കൂടി അടുത്തു കണ്ടതായി എനിക്കു തോന്നി. ചിലപ്പോൾ എനിക്കു തോന്നാറുണ്ട്; ശ്രീ. അഗസ്റ്റിൻ അന്ന് ആ കാൽവരിയിൽ ഉണ്ടായിരുന്നിരിക്കണമെന്ന്. യഥാർത്ഥങ്ങളായ സ്ഥലകാലവർണ്ണനകളും ഭാവനകളുമാണ് എന്നെ ഇങ്ങനെ തോന്നിച്ചത്.

ഈ കൃതിയിലെ ഭാഷ ഇന്നത്തെ യുവസാഹിത്യകാരന്മാർക്ക് ചിലസമയം പിടിക്കാതെയോ, ദഹിക്കാതെയോ വന്നേക്കാം. അതിനു ഗ്രന്ഥകർത്താവു കുററക്കാരനല്ല. കൂടുതലായി ചിന്തിക്കുന്നതിന് ഗ്രന്ഥകർത്താവുപയോഗിച്ച ഭാഷ ഏററവും അനുകരണീയമാണെന്നാണ് എനിക്കു തോന്നുന്നത്. ഫലിതമഹാകവി സമ്രാട്ട്. ശ്രീ. കുഞ്ചൻനമ്പ്യാർ തൻെറ കൃതികളിൽ ചിലപ്പോൾ സന്ദർഭാനുകൂലങ്ങളായ ഭാഷകൾ ഉപയോഗിച്ചിട്ടുണ്ട്.

അനുയോജ്യങ്ങളായ മണിപ്രവാള ഭാഷയിലാണ്, ശ്രീ. അഗസ്റ്റിൻ ക്രിസ്തുദേവൻെറ യാതനകളെ വർണ്ണിച്ചിട്ടുള്ളത്. സമാസങ്ങൾ, സന്ധികൾ മുതലായ വ്യാകരണനിയമങ്ങൾ അതിലംഘിച്ചിട്ടുമില്ല. സന്ദർഭങ്ങൾക്കനുകൂലമായി ഗ്രന്ഥകാരൻെറ തൂലിക ചലിക്കുന്നു. വികാരങ്ങളും ഭാവന

കളും താരകനിരപോലെ മണിപ്രവാള ലിപികളിൽ വായനക്കാരുടെ മുമ്പിൽ വാരിവിതറുന്നു. വായനക്കാരെ ചിന്താധീനരാക്കുന്നു. അവരെ കാൽവരിക്കുന്നിൽത്തന്നെ നിർത്തി ചിന്തിപ്പിക്കുന്നു. ഇതിൽ കൂടുതൽ ഒരു സാഹിത്യകാരനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല!

ശ്രീ. അഗസ്റ്റിൻ ഒരു ചെറുകവിയും, നല്ല കാഥികനും കൂടിയാണെന്ന് എനിക്കു മുമ്പുതന്നെ അറിയാം. കൂടാതെ, ചിന്തിക്കാനുള്ള കഴിവും അതിൽ നല്ല താല്പര്യവും ഉണ്ടെന്ന് അടുത്തു പരിചയിച്ചപ്പോൾ മനസ്സിലാക്കാനും കഴിഞ്ഞു. ചില പദ്യശകലങ്ങൾ അദ്ദേഹം എന്നെ കാണിച്ചിട്ടുണ്ട്. അതിൽപലതിലും കലയുടെ ലാഞ്ഛനകൾ ധാരാളമുണ്ട്. വാസനാവൈഭവമുള്ള ഒരു യുവകവിയെന്നു മാത്രമല്ല, ഒരു നല്ല സാഹിത്യകാരൻ കൂടിയാണ് ശ്രീ. അഗസ്റ്റിൻ എന്ന് ഈ ഗ്രന്ഥം തെളിയിക്കുന്നു.

കാഥികൻ എന്ന നിലയിൽ ശ്രീ. അഗസ്റ്റിനെ മലയായിൽ അനേകം പേർക്കു പരിചയമുണ്ടായേക്കാം. ഫലിതമസൃണമായ ഭാഷയിൽ സദസ്യരെ ആനന്ദിപ്പിച്ച് അവരുടെ അകൈതവമായ കൃതജ്ഞതയാർജ്ജിക്കുവാൻ കഴിവുള്ള മററൊരു കാഥികനെ ഞാൻ ഇന്നാട്ടിൽ ഇനിയും കണ്ടിട്ടില്ല! ശ്രീ. അഗസ്റ്റിൻെറ കഥാപ്രസംഗം തൃശ്ശൂരമ്പലത്തിലെ ഉത്സവംപോലെയാണ്. പക്ഷേ, എഴുന്നെള്ളത്ത് ആനപ്പുറത്തല്ലെന്നു മാത്രം. പരിപൂർണ്ണത ലോകത്തിൽ ഒന്നിനും തന്നെയില്ലല്ലോ. ഒരു സരസഗായകകാഥികകവിയാകാൻ ശ്രീ. അഗസ്റ്റിനു സാധിക്കുന്നില്ല. ഗായകത്വം ശിക്ഷണം കൊണ്ടോ, പരിശ്രമംകൊണ്ടോ സാധിക്കാവുന്ന ഒന്നല്ലാത്തതുകൊണ്ട് അതിൽ ക്ലേശിക്കേണ്ട ആവശ്യവുമില്ല!

ശ്രീ. അഗസ്റ്റിൻെറ ഈ കൃതി ക്രൈസ്തവക്ക് മാത്രമല്ല, അപരക്കും നിത്യപാരായണത്തിനുപയുക്തമാക്കാവുന്ന ഒരുത്തമ ഗ്രന്ഥമാണെന്നുള്ളതിൽ ഇരുപക്ഷമുണ്ടാകയില്ല തന്നെ!

കരുണാനിധിയായ ക്രിസ്തുഭഗവാൻ ഈ ഗ്രന്ഥകാരനു സവ്വവിധ ഭാവുകങ്ങളും പ്രദാനം ചെയ്യട്ടെ!

Lunas,<br>20—7—'957.

**P. Nanu Pillai,**<br>Lunas, Malaya.

5

ശ്രീ. അഗസ്റ്റിൻ ജോസഫ് രചിച്ച "കാൽവരിയിലെ ക്രിസ്തു" എന്ന ഈ പുസ്തകം ഞാൻ ഒന്നു രണ്ടാവത്തി വായിച്ചു. എൻെറ ഹൃദയത്തെ ഇതു വല്ലാതെ സ്പശിച്ചു!

മലയാ നിവാസിയായ ഒരു മലയാളി, ആരുടെയും മനസ്സലിയിപ്പിക്കുന്ന ശ്രീയേശു ഭഗവാൻെറ കഷ്ടാനുഭവങ്ങളെ ഇത്ര സരളസുന്ദരമായ ഭാഷയിൽ ചിത്രീകരിച്ചു കാണുന്നതിൽ എനിയ്ക്കു് അതിരററ ആനന്ദമുണ്ടു്. ഈ മഹൽ ഗ്രന്ഥം മലയാള ഭാഷയ്ക്കു് ഒരു വലിയ നേട്ടം കൂടിയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ യുവസാഹിത്യകാരനു്, കേരളീയർ, വിശിഷ്യാ മലയായിലെ മലയാളികൾ ഏവരും വേണ്ട കലാപ്രോത്സാഹനം നല്കുമെന്നാണു് എൻെറ ബലമായ വിശ്വാസം. ഇദ്ദേഹത്തിനും ഇദ്ദേഹത്തിൻെറ കൃതികൾക്കും ഭാസുരഭാവിയെ ആശംസിച്ചുകൊള്ളുന്നു!

No. 3. Taylor Road,<br>PENANG.<br>14—8—1957.

**P. K. Kesavan,** President,<br>N. Malaya Kerala Samajam;<br>95 E Sungei Pinang Rd.

6

ഏററവും പ്രിയപ്പെട്ട സുഹൃത്തേ,

നിങ്ങൾ എന്തൊരു കലാകാരനാണ്? കാര്യം അറിഞ്ഞിരുന്നിട്ടും കൺമൂടുന്നതെന്താണ്? ഈ വിശിഷ്ടഗ്രന്ഥത്തിന് ഞാനാണോ അഭിപ്രായമെഴുതേണ്ടവൻ? അതിൻെറ ആവശ്യം? കല കലയ്ക്കുവേണ്ടി ആണെങ്കിലെന്ത്—അല്ലെങ്കിലെന്ത്? നിങ്ങളുടെ കലാമലർതികളും ആസ്വാദ്യകരമല്ലേ?

"കാൽവരിയിലെ ക്രിസ്തു"! ഇതു നമുക്കെന്നും സുപരിചിതമായ ഒരു പേരാണ്. പല തവണ പള്ളികളിലും പ്രസംഗ മണ്ഡപങ്ങളിലും ഈ ആരാധ്യനാമധേയം ചർച്ചാവിഷയമായിട്ടുണ്ട്. പൊടിപൊടിച്ച പ്രസംഗങ്ങൾ നടത്തി പുരോഹിതന്മാർ ശ്രോതാക്കളെ ശോകമൂകരാക്കിയിട്ടുമുണ്ട്. പക്ഷേ, അതേ ക്രിസ്തുഭഗവാനെത്തന്നെയാണോ ശ്രീ അഗസ്റ്റിൻെറ സരളസുന്ദരമായ ഈ കൊച്ചു കലാമല്ലികയിലൂടെ നാം കാണുക? അല്ലല്ല! അതിനു രണ്ടായിരം ആണ്ടത്തെ നീണ്ട പഴക്കമുണ്ടെങ്കിലും ശ്രീ. അഗസ്റ്റിൻെറ "കാൽവരിയിലെ ക്രിസ്തു''വിന് ഇന്നത്തേക്കാൾ ഒരു പുതുമയുണ്ട്; ഒരു മെഴുമെഴുപ്പുണ്ട്; ഒരു വെടിപ്പും ചൊടിപ്പും ഉണ്ട്; ഒരു ശോകാത്മകത്വം ഉണ്ട്; ഒരു സനാതനത്വവും കൂടിയുണ്ട്!!! അവിടെയും ഇവിടെയും ചർച്ചാവിഷയം ക്രിസ്തുഭഗവാൻ തന്നെയാണ്. പക്ഷേ, അതു് അഗസ്റ്റിൻെറ തൂലികയിലൂടെ കണ്ടാൽ വാസ്തവത്തിൽ കരളുള്ളവർ കണ്ണീരൊഴിക്കയില്ലേ? കാൽവരിക്കുന്നിലേക്കൊന്നു കേറി നോക്കാൻ കൊതിച്ചു കൊതിച്ചു കാലടികൾ കുതിക്കുതന്നെയില്ലേ?

ആഹാ, എന്തൊരു സുന്ദരമായ ഭാഷയിലാണു, സുഹൃത്തേ, നിങ്ങൾ ഈ ചിത്രം വരച്ചിരിക്കുന്നതു്. ഒരു വേള

അതിൻെറ വർണ്ണപ്പകിട്ടുകൾ കുറഞ്ഞുപോയോ, അതോ കൂടി പ്പോയോ എന്നൊന്നും എനിക്കു തീർത്തു പറയാൻ കഴിയുന്നില്ല! ആ മഴവില്ലു മാഞ്ഞുപോയപോലെ—അത്ര പെട്ടെന്നു നിങ്ങളുടെ വരികൾ — ആ വഴിഞ്ഞൊഴുകുന്ന വാചകങ്ങൾ — വർണ്ണനകൾ ഞാൻ വായിച്ചു തീർന്നു പോയല്ലോ; എന്നു മാത്രം! അത്ര പെട്ടെന്നു നിങ്ങൾ നിർത്തികളഞ്ഞു; ഈ പുസ്തകം. അങ്ങോട്ടൊന്നുകൂടി പൊയ്ക്കൂടായിരുന്നോ— ആ കാൽവരിക്കുന്നിനപ്പുറത്തേക്കു്? ഹൊ, എന്തു കഷ്ടമായിപ്പോയി!

ഇന്നത്തെ കൊച്ചു കലാകാരന്മാർ - മുന്നേറുന്ന യുവ കവികൾ നിങ്ങളെ തരംതാഴ്ത്തിയേക്കാമെന്നാണോ—ആശങ്ക? ഒരു ഭീരുവല്ലാ, നിങ്ങൾ എന്നു് എനിക്കു് ആരംഭത്തിലേ അറിയാം. എങ്കിലും ഇത്തരത്തിലുള്ള ഭാവഹാവാദികൾ ആക്കും ഉണ്ടാകാമല്ലോ. നിങ്ങളുടെ പുതുതൂലിക—അത്ര പഴക്കവും, പരിചയവും ഇല്ലാത്ത – ആ പിഞ്ചുതൂലിക വികാരങ്ങൾക്കും – സന്ദർഭങ്ങൾക്കും അനുകൂലമായു് ചലിച്ചുകൊണ്ടേയിരിക്കുന്നു. ഇവിടുത്തേയോ — അവിടുത്തേയോ — യുവകവികളോ, പ്രൗഢകവികളോ—വയോകവികളോ— എന്തും തന്നെ പറഞ്ഞുകൊള്ളട്ടെ! അതിൽ എന്തിനു — വൃഥാ ചകിതചിത്തനാകുന്നു?

സാഹിത്യം അർഹിക്കുന്ന അർത്ഥഗൗരവത്തോടുകൂടി പഠനം ചെയ്കയാണെങ്കിൽ—നിങ്ങളുടെ ഈ കൊച്ചു ഗദ്യകവിത ഒരു അതിഗഹനവും—അതിവിശാലവും—അത്യഗാധവുമായ—ഒരു പാൽക്കടൽ കടഞ്ഞെടുത്ത കല്യകൈവല്യാമൃതം തന്നെയല്ലേ? നിശ്ചയമായും.

എൻെറ സ്നേഹിതാ, കരയിക്കാനും, ചിന്തിപ്പിക്കാനും കഴിയുന്ന—കഴിവുള്ള—നിങ്ങളുടെ തൂലികാചിത്രത്തിൽ ചിലതിവിടെ ഉദ്ധരിക്കാൻ ഞാൻ വെമ്പൽ കൊള്ളുന്നു.

"മലരിനു മണവും, മകരന്ദത്തിനു മധുരിമയും, പുലരിയ്ക്കു പൊന്നൊളിയും, പകലോനു പ്രഭാപൂരവും പാകിയ—ആ വിശ്വശില്പിയ്ക്കു് നിങ്ങൾ നല്കിയ നന്ദിയുടെ നാന്ദിയാണൊരു മരക്കുരിശു്! ലോകാവമാനത്തിന്റെ പരുപരുത്ത ഒരു അന്യായചരിഹ്നം..." (Page 6) നോക്കണം: ഇതെത്ര ഇമ്പമായിരിക്കുന്നു! ഈ കടഞ്ഞെടുത്ത വാചകത്തിൽ എന്താണൊരു കലയില്ലേ—? സാഹിത്യമല്ലേ—അതു്?? ഭാവനയില്ലേ—അതിൽ??? അതിൽ ഒരു മുന്നേററവും ഇല്ലെന്നോ? ഉണ്ടു്. എല്ലാം നിറഞ്ഞു നിറഞ്ഞൊഴുകുന്നുണ്ടു്!

സരളവും സരസവും—സുന്ദരവും സുലളിതവും—ഒഴുക്കും ഓജസ്സും നിറഞ്ഞ നിങ്ങളുടെ ഈ കൊച്ചു സാഹിത്യാമൃതം ക്രിസ്തീയക്കു മാത്രമല്ലാ, സകല ലോകത്തിനും ഒരു ഒന്നാംതരം പാനീയമത്രേ! നിങ്ങൾക്കും, നിങ്ങളുടെ കലാവിലാസത്തിനും എന്റെ ഹൃദ്യവും വിനീതവുമായ ആശംസകൾ! നമസ്കാരം!

സ്നേഹപൂർവ്വം,

തിരുവനന്തപുരം
8_8_1957.

ഏ. എം. എൽ. ശാസ്ത്രികൾ.
തിരുവനന്തപുരം, കേരള.

7

Dear Mr. Augustine Joseph,

I have read with great interest your, "കാൽവരിയിലെ ക്രിസ്തു" ("The Christ on Calvary"). I have nothing but admiration and appreciation for your small but grand piece of literary work. Your subject matter is too familiar to Christian and non-Christian readers alike. You have treaded on a path, by which you have

acquired a name and thereby you have excelled your predecessors.

Your uncanny stritch of imagination, and masterly presentation and grand style language, punctuated with elegant phrases and metaphors, is not consistant with a writer of mean order and low gift; but of a talented and gifted writer with very great potentialities.

It is, alas!—a regrettable fact, that many a great career has been lost to the world for want of opportunity or through lack of encouragement.

I am indeed, fortunate to congratulate you, on your well merited contribution to the Malayalam literature, which to-day, is considered to be a progressive live literature in the world. Thanks to the efforts of men like you.

Be bold, and have confidence in your ability, bestowed upon you by Our Lord Jesus Christ, in whose memory you have written this literary illustration,— (ചിത്രഗദ്യകവിത).

Your, "കാൽവരിയിലെ ക്രിസ്തു" will receive a very great reception among the lovers of Malayalam literature and I wish you the best of luck and a great career in pursuit of literature and arts.

Yours Sincerely,

**P. N. Pillai,**
Supervisor,
English School,
Bedong, Malaya.

Bedong,
14-8-1957.

# കാല്‌വരിയിലെ ക്രിസ്തു

ഒരു നീണ്ട വീഥി! ഒരു വൈതരണി!! അല്ലാ, നിർവാണസാമ്രാജ്യത്തിലേക്ക് ആ നിരാമയനെ നയിച്ച നിഷ്ഠുരപന്ഥാവ് !!!

കരളുരുകുന്ന കദനഭാരത്തോടുകൂടി ലോകം കണ്ണടയ്ക്കാതെ കാണാൻ കുതിക്കുന്ന ആ കാൽവരിയിലേയ്ക്കുള്ള വൈതരണി!

നിതാന്തദുരന്തമേററ്, അനന്താനന്ദം പെററ കർത്താവ്! അവിടുത്തെ കല്പപാദപം പൊട്ടിക്കിളുത്ത കാൽവരികുന്ന്!! അതിൻെറ ചെറചെറുപ്പനിറഞ്ഞ പരുപരുത്ത പന്ഥാക്കൾ, ഇതാ ക്രിസ്തുവിനെ സ്വാഗതം ചെയ്യുന്നു!!!

ഇന്ന് നമുക്കത്ര സുസാദ്ധ്യമല്ലാ, ക്രിസ്തുനാഥൻെറ കാലടികളെ കണ്ടുപിടിക്കുക എന്നതു്. അവിടുത്തെ കാല്പാടുകൾക്ക് ഒരു ചിത്രം കൊടുത്തു് ഓരോ കാലടികളും ചിത്രീകരിക്കുക എന്നതും. നിരൂപണം എത്രതന്നെ പാരമ്പര്യമായ ഈ വിശ്വാസസത്യത്തിന് എതിരായിരുന്നാലും ഈ സത്യത്തെ പാടേ പറിച്ചെറിഞ്ഞിട്ടില്ലതന്നെ!

ജറൂസലേം ദേവാലയത്തിൻെറ വടക്കേ അററത്തുയ ൎന്നില്ക്കുന്ന റോമാഗവൎണ്ണരുടെ മണിമന്ദിരം തൊട്ടാണ് ഈ ദുരന്തവീഥി സമാരംഭിക്കുന്നതു്. കാൽവരിയെ വലയം ചെയ്തു പുരോഗമിക്കുന്ന വിശുദ്ധ പള്ളിയുടെ പെട്ടകം ഇതിനു വിരാമമിടുന്നു. ഈ രണ്ടു കേന്ദ്രങ്ങൾക്കുമിടയിലായിരുന്നു ക്രിസ്തുഭഗവാൻ തൻെറ മർദ്ദനത്തിനും, മരണത്തിനും വിധേയമായ ദുരന്തയാത്രയിൽ മെതിച്ചു തള്ളിയ വീഥി വലയം ചെയ്തിരിക്കുന്നതു്.

ഈ മാൎഗ്ഗം നിശ്ചയമായും പീഡാനുഭവത്തിൻെറ പന്ഥാവിൽനിന്നും പുരോഗമിച്ചിട്ടുള്ള ഒന്നാണ്. ഒന്നൊന്നായി റോമാക്കാർ, പെൎഷ്യാക്കാർ, മുസ്സൽമാന്മാർ തുടങ്ങിയവർ കുമിച്ചുകൂട്ടിയ കൊട്ടും കൊള്ളകൾ ഈ നഗരത്തിൻെറ കുന്നുകുന്നായ നാഗരികതയെ മണ്ണുമണ്ണാക്കി വെണ്ണീറാക്കിയത്രേ! അറുപതും എഴുപതും അടി ഉയരത്തിൽ കുമിഞ്ഞുകൂടിയിരിക്കുന്ന ചാമ്പലിൻെറ മീതെക്കൂടിയായിരുന്നു, ആത്മനാഥൻ തൻെറ രക്തലിപ്തമായ പാദാരവിന്ദങ്ങളെ വലിച്ചിഴച്ചുകൊണ്ടുപോയതെന്ന് ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നുവത്രേ! എന്നാൽ ദിവ്യരക്ഷകൻെറ കാലത്തു കണ്ടിരുന്ന ജറൂസലേമിനെ അതിൻെറ ഐശ്വൎയ്യവശ്യതയിൽ ഇന്നും വീക്ഷിക്കുവാൻ പ്രതീക്ഷിക്കുന്നതു് കേവലം ബാലിശമാണെങ്കിലും അതിൻെറ പേരും പെരുമയും അടിയുറച്ച അത്ഭുത വിശ്വാസത്തോടെ നാം സ്മരിക്കതന്നെ ചെയ്യുന്നു.

ഈ വിഘടിതമായ നിലയിൽനിന്നും ജറൂസലേമിൻെറ വിശുദ്ധ ബലിപീഠങ്ങളും, താറുമാറാക്കിത്തകൎത്ത മററു ഗോപുരനികരങ്ങളും പുനഃസ്ഥാപിക്കാമായിരുന്നു. ഈ ദീൎഘരക്ഷിതമായ പീഡാനുഭവത്തിൻെറ മധുരസ്മരണകൾക്ക് നിശ്ചയമായും ഒരു യഥാൎത്ഥ വിലയുണ്ടു്. അതായതു്, അത്ര കൃത്യമായിട്ടല്ലെങ്കിലും ആ പട്ടണത്തിൻെറ ഏതാണ്ട്

ഒരു കാൽഭാഗമിടം തന്നെ ആയിരിക്കണം ക്രിസ്തുനാഥൻെറ, ദുരന്തയാതനകളുടെ ദാരുണരംഗങ്ങൾക്ക് കരാളകളമൊരുക്കിയിരുന്നത്.

അതാ, പോകുന്നു; ആ വീഥി! റോമാഗവർണ്ണരുടെ മണിമന്ദിരത്തിൽനിന്നും കീഴ്ക്കാംതൂക്കായി ഹൈറോപ്യൻ താഴ്വരകളിലേക്ക് നീളുന്നു. പിന്നീടതു് പടിഞ്ഞാറോട്ടു പോയി, ഒരുയൎന്ന കുന്നിലേക്കു കയറുന്നു. ഏറെക്കുറെ അതിൻെറ ഔന്നത്യംവരെ ആ നഗരപരിധിയുടെ കോട്ടമതിൽ വരുന്നുണ്ടു്. അവിടെനിന്നും അല്പം വിദൂരതയിൽ പത്തനങ്ങളാലും, വൃന്ദോപ്പുകളാലും നിബിഡീകൃതമായ ഒരു സ്ഥലമുണ്ട്, അതാണു് കഷ്ടാനുഭവത്തിൻെറ കേന്ദ്രം— "ഗോൽഗത്ത"! ഈ പേരിൻെറ അൎത്ഥംതന്നെ തലയോട്ടിയെന്നാകുന്നു. അക്കാലത്തു് മുണ്ഡനശിരോരൂപത്തിൽ ഏകമയമായി ഒരു ശിലാതലം ഉപയോഗശൂന്യമായ ആ വിശാലസ്ഥലത്തുനിന്നും ഗളനാളമുയൎത്തിയ ഒരു കപാലത്തിൻെറ ഭീകരരൂപംകൊണ്ടങ്ങനെ ഉയൎന്നുനിന്നിരുന്നു. നിശ്ചയമായും ഇതുകൊണ്ടുതന്നെ ആയിരിക്കണം അതു് "ഗോൽഗത്ത" അഥവാ "തലയോട്ടി" എന്നു് സംജ്ഞാതമായതു്. ചില യഹൂദപാരമ്പര്യം, അവിടെ ആദത്തിൻെറ തല സംസ്കരിച്ചിരുന്നെന്നും, അങ്ങനെ ആ പേരു കിട്ടിയെന്നും പ്രഖ്യാപനം ചെയ്യുന്നു.

ജറൂസലേമിൻെറ മതിൽക്കെട്ടുകളിൽനിന്നും അല്പം അകലെയായിരുന്നു "ഗോൽഗത്ത". എന്തുകൊണ്ടെന്നാൽ, റോമാക്കാർ, അവരുടെ വിധിക്കപ്പെട്ട കുററവാളികളെ ആ പട്ടണത്തിൻെറ കവാടങ്ങളിലൂടെ പൊതുജനസമക്ഷം പരസ്യമായി, ഒരു പൊതുജനഭയത്തിനായി ദണ്ഡിക്കുക പതിവായിരുന്നു.

വിശുദ്ധ ജോണിൻെറ പ്രസ്താവനയനുസരിച്ച്, ക്രിസ്തുവിനെ കുററവാളിയെന്നു തീരുമാനിച്ചശേഷം പിലാത്തോസ് യഹൂദന്മാരുടെ പക്കലേല്പിച്ചു. പിന്നെ അവർ അദ്ദേഹത്തെ വധിക്കുന്നതിനായി ആനയിച്ചു. വധികഴിഞ്ഞതോടെ, പീഡനവും സമാരംഭിച്ചുവത്രേ! തദനുസാരം അതാ, ആ ദാരുണമായ മരണയാനം സമാരംഭിക്കുന്നു.

അന്നൊരു വെള്ളിയാഴ്ച ആയിരുന്നു. ഇതാ, ഒരു പരുഷമായ ഘോഷയാത്ര!—അഥവാ—ദാരുണമായ മരണയാത്ര സമാരംഭിച്ചുകഴിഞ്ഞു. അതിൻെറ മുന്നണിയിൽ അശ്വാരൂഢനായ ഒരു ഭടൻ അണിഞ്ഞുവന്നു. അവനു പിന്നിലായി, ഈശോയെ വലയംചെയ്ത് നാലു പടയാളികൾ നടക്കയായി. അതോടൊപ്പം കുററവാളികളായ രണ്ടു തസ്കരമേധാവികളെയും വധശിക്ഷയ്ക്കായി ആനയിച്ചിരുന്നുവത്രേ! ദിവ്യനാഥൻ തൻെറ ചെങ്കുപ്പായം ധരിച്ചയുടൻതന്നെ പടയാളികൾ അതു് അദ്ദേഹത്തിൽനിന്നും നീക്കി മറെറാരു വസ്ത്രം ധരിപ്പിച്ചു. അവർ അദ്ദേഹത്തിൻെറ തിരുശിരസ്സിൽ കൂർത്തുമൂർത്ത ഒരു മുൾക്കിരീടവും അണിയിച്ചിരുന്നു!

ഒരു **മുൾമുടി!** ആഹാ, മന്ദമസ്തിഷ്ക, മയിയായകൗടില്യലോകമേ, നീ അറിയുന്നില്ല, നിൻെറ ശിരസ്സിൽ ശേമുഷിചെലുത്തി നിന്നെ സൃഷ്ടിച്ച, ശേഷിയും ശേമുഷിയും നിറഞ്ഞ ഒരു മുഗ്ദ്ധമൂർദ്ധാവിലാണ്, നീ ആ മുള്ളുകൾ അടിച്ചുതാഴ്ത്തിയതെന്ന്. നിന്നെയും നിൻെറ പിതാമഹനെക്കൂടിയും ഭൂത, വർത്തമാന, ഭാവിലോകത്തെയും സൃഷ്ടിച്ചുസംരക്ഷിക്കുന്ന ആ പരാശക്തിയുടെ പരിപാവനശിരോതലത്തിലാണ്, കരാളരൗദ്രമായ നിൻെറ വിക്രിയ കാട്ടിയതെന്ന്. ആഹാ, നിന്നെ വിധിക്കാനിരിക്കുന്ന ആ മുഗ്ദ്ധാഭമായ മൂർദ്ധാവിലാണ്, നീ ആ മുൾക്കൊടികൾ ആഞ്ഞാഞ്ഞടിച്ചിറക്കിയതെന്ന്, അന്നൊന്നറിഞ്ഞിരുന്നെങ്കിൽ! പൂവൻകോ

ഴികൾക്ക് പൊന്നണിത്തലപ്പൂക്കളും, വിഹംഗമങ്ങൾക്ക് സുന്ദരശിരോലങ്കാരങ്ങളും, സമ്രാട്ടിനു കിരീടവും, അരചനു ചെങ്കോലും, പടയാളികൾക്കു പരിത്രാണായുധവും, കവികൾക്കു ഭാവനാവിലാസവും സംദാനംചെയ്ത ആ സച്ചിദാനന്ദമൂർത്തിയുടെ മുഗ്ദ്ധാഭമായ മൂർദ്ധാവിലാണ്, നീ ആ മുള്ളടിച്ചുറപ്പിച്ചതെന്ന് ഇനിയും അറിയുന്നില്ല! നന്ദിശ്ശൂന്യരായ മനുഷ്യാധമരേ, മനുഷ്യത്വമററ മൃഗങ്ങളാണ് നിങ്ങൾ എന്നു്, മൃഗങ്ങൾക്കൂടി നിങ്ങളെ പുച്ഛരിക്കുന്ന ഒരു കാലം വരും! അന്നാണു നിങ്ങൾക്കു പ്രജ്ഞയുണരുക!

അതാ, പായുന്നു, രുധിരധാര! ഭൂലോകത്തിൻെറ ജീവനാണു വടിയുന്നതു്. വിശ്വത്തിൻെറ വശ്യമായ ഐശ്വര്യപൂരമാണ് പായുന്നതു്. പാരിടത്തിൻെറ പരിപൂതപ്രാണനാണ്, തുള്ളിമുറിയുന്നതു്. അവിട്ടത്തെ രക്തലിപ്തമായ മുഖത്തിൽ അവർ തുപ്പുന്നു.

യാതനായുധത്തിൻെറ വേദനാജനകമായ കരാളരൂപം — ലത്തീൻകുരിശ്ശ് — അവിടെ പ്രദർശിപ്പിച്ചു. ഒരു നീണ്ട തടിക്കൂട്ട് — ഇരുവശങ്ങളിലും കരയുഗളം പടർന്നുപതിക്കത്തക്കവിധം അത്രയ്ക്കു തെല്ലൊന്നു നീട്ടി, മേൽഭാഗത്ത് കുററപത്രം തൂക്കിയിടത്തക്കവിധം അല്പമൊന്നുയർത്തി, കീഴ്ഭാഗം ഒക്കെയിലും നീട്ടത്തിൽ ആ പരിപൂതകളേബരത്തിന് ഒരു കരാളശസ്ത്രോപകരണമെന്നോണം സജ്ജീകൃതമായ ഒന്നായിരുന്നു, ആ മരക്കുരിശ്ശ്. ക്രിസ്തീയചിത്രങ്ങളിൽ കാണിച്ചിരിക്കുന്നവിധം അത്രയ്ക്കു ഭയങ്കരമായിരുന്നില്ല, ആ കുരിശ്ശ്. എങ്കിലും അതവിട്ടത്തെ വ്രണിതസ്കന്ധങ്ങളിൽ വഹിക്കാനാവാത്തവിധം അത്രയ്ക്കു ഭാരപൂരിതമായിരുന്നു. മററു രണ്ടു കുററവാളികളായ തസ്കരന്മാരും അവരുടെ സ്വന്തം കുരിശ്ശു ചുമന്നുകൊണ്ട് അദ്ദേഹത്തെ അനുധാവനം

ചെയ്തിരുന്നു. തസ്കരമേധാവികൾക്കു നല്കിവന്ന നിഷ്ഠുരമർദ്ദനങ്ങൾ നിർദ്ദയങ്ങളായിരുന്നെങ്കിലും അതവരുടെ മുന്നോട്ടുള്ള യാത്രയ്ക്കു് വിലങ്ങുതടിയാവാത്ത വിധത്തിലായിരുന്നു, ഭടന്മാർ അവരെ മർദ്ദിച്ചുവന്നതു്. എന്നാൽ ഈശോയെ സംബന്ധിച്ചു് അതങ്ങനെ അല്ലായിരുന്നു. ഇപ്പോൾ എല്ലാം ക്ഷയിച്ചു. ആ ഗത്സമേനിലെ ദുരന്തയാതനാനന്തരം, ആ രക്തവിയർപ്പിനും, റോമൻ പടയാളികളുടെ നിർദ്ദയമർദ്ദനത്തിനും ശേഷം, ആ പൊന്നോമനപ്പൂമേനിയിൽ എല്ലാം ശുഷ്കമായിരുന്നു!

എല്ലാം തയ്യാറായി! ആ മരണമാരുതൻ മന്ദം മന്ദം ഇതാ, "ഗോൽഗത്താ"യിലേയ്ക്കു് പിടഞ്ഞുപിടഞ്ഞു നീങ്ങിക്കൊണ്ടേയിരുന്നു. പരശതങ്ങളുടെ പരിഹാസവീക്ഷണത്തിനു വിധേയനായി ആ പരിപൂതപരിത്യാഗി, വഹിക്കുവയ്യാത്ത ആ പാപപ്രകാണ്ഡത്തെ ജറുസലേമിന്റെ പരുപരുത്ത തെരുവീഥികളിലൂടെ വലിച്ചിഴച്ചുകൊണ്ടുനീങ്ങി; അതാ, അവിടെനിന്നും ഉയരെ ഉയരെ, ആ കാൽവരി ഗിരിനിതംബത്തിലേയ്ക്കു്!

മലരിനു മണവും, മകരന്ദത്തിനു മധുരിമയും, പുലരിയ്ക്കു പൊന്നൊളിയും, പകലോനു പ്രഭാപൂരവും പാകിയ ആ വിശ്വശില്പിക്കു നിങ്ങൾ നല്കിയ നന്ദിയുടെ നാന്ദിയാണു്, ഒരു **മരക്കുരിശു്!** ലോകാവമാനത്തിന്റെ പരുപരുത്ത അന്യായ ചരിഹനം! നന്ദികെട്ട മനുഷ്യഷണ്ഡങ്ങളെ, നിങ്ങൾ അറിയുന്നില്ല, നിങ്ങളുടെ രക്തത്തെയാണു നിങ്ങൾ തുള്ളിമുറിക്കുന്നതെന്നു്! നിങ്ങളെ മാറോടണച്ചു പാലൂട്ടിയ ആ പെറ്റമ്മയെയാണു്, നിങ്ങൾ കുറ്റം ചാർത്തി മർദ്ദിക്കുന്നതെന്നു്!

അപരാധികളായ യഹൂദമേധാവികൾ! അവർ മണിമന്ദിരനികരനിതംബത്തിലെത്തി, പാലൊളിപ്പൂമെത്തത്തലം തത്തി നൃത്തമാടുമ്പോൾ, അല്ലല്ലാ—അനീതിയുടെ അന്യായനലൻ എരിയിച്ച് അവനീതലം ചുട്ടുവാട്ടുമ്പോൾ, വെന്തുനൊന്തുചിന്തുന്ന പൂന്തനുവെത്തഴുകി, തണലൊളി വിരിച്ച്, സ്നേഹസാന്ദ്രസൗഗന്ധികം നിരർഗ്ഗളം വിനിർഗ്ഗളിക്കുന്ന ആ കല്പപാദപത്തെയാണു, നിങ്ങൾ കണ്ണീരോടുകൂടി കണ്ടെത്തുക! മരുഭൂമിയ്ക്കു മലർവാടിയും, ക്രൂരിരുട്ടിനു കുളിർതാരകയും, മഹാസാഗരത്തിനു മണൽത്തിട്ടകളും, ഉച്ചവെയിലിന് പച്ചിലപ്പുരവതാനിയും, ദുരന്തത്തിന് അത്യാനന്ദവും അൻപോടണയ്ക്കുന്ന ആ കുളിരിളം കതിരൊളി തിരളുന്ന മഞ്ജുളകളേബരത്തെ ഹേ, വൃകവൃന്ദമേ, നിങ്ങൾ അള്ളിയള്ളിക്കീറിയല്ലോ.

അതാ, തളർന്നുവീഴുന്നു, ദിവ്യനാഥൻ! സർവ്വശക്തനായ അവിടുത്തേയ്ക്ക് ഒരു മരക്കുരിശു ചുമക്കാൻ ശക്തിയില്ലത്രേ! എത്രയെത്ര ശ്വാസംമുട്ടലുകൾ, എന്തെന്തു വെന്തുനൊന്തുചിന്തുന്ന വികാരത്തിളപ്പുകൾ, എത്രയെത്ര ചൂടുപിടിച്ച നെടുനിശ്വാസങ്ങൾ അവിടുന്ന് അത്തരുണത്തിൽ അറിയാതെ ഉതിർന്നിരിക്കയില്ല!

അഹോ, മർമ്മഭേദകം! ഇതാ, ഈ ശോകാന്തരംഗം നിങ്ങളൊന്നു നോക്കുമോ! കരളലിവിൻെറ കണികയുള്ളവരാരും അതു കണ്ണീരോടല്ലാതെ കാണുകയില്ല! "ഹാ! മകനേ," അതാ, അടുക്കുന്നു, ആ അമ്മ! ഏങ്ങിത്തുടിച്ച്, തേങ്ങിത്തേങ്ങി, പിടഞ്ഞുപിടഞ്ഞു പായുന്ന, ആ അമ്മിഞ്ഞിയൂട്ടിയ പെററമ്മയുടെ ഹൃദയത്തുടിപ്പുകൾ നിങ്ങൾ കാണുന്നില്ലേ? ഇതാ, ശോകാന്തരംഗം! തൻെറ തങ്കത്തളികത്തിളപ്പൊളി കളിക്കുന്ന ആ പൊന്നോമനക്കുമാരൻെറ താമരത്തനുതലംതുക്കി മാറോടുചേർത്തുമ്മവയ്ക്കാൻ ആ അമ്മ ആഞ്ഞൊ

ഞ്ഞു വരികയാണ്. കഷ്ടം! ആ നിഷ്ഠുരഭടന്മാരുണ്ടോ അതിനിട കൊടുക്കുന്നു? അവർ യേശുനാഥനെ ഉന്തിയുന്തിത്തള്ളിക്കൊണ്ടു കടന്നുപോയി. ആ വന്ദ്യമാതാവിന്റെ വാടിയുടഞ്ഞ വദനാരവിന്ദം വീക്ഷിച്ച ആ തിരുകുമാരന്റെ കരൾ വിണ്ടിരിക്കണം! അവിടുത്തെ കൺകൾ തുടിച്ചു, തപിച്ചു, പൊടിച്ചിരിക്കണം!! ഹൃദയം പിളൎന്നിരിക്കണം!! തനുതലം വെടിച്ചു തകൎന്നു തരളമായിരിക്കണം. ഹാ രണ്ടു സ്നേഹം തുളുമ്പുന്ന ഹൃദയങ്ങളുടെ ദീനദീനമായ ഏറ്റുമുട്ടലുകൾ! കല്ലും അലിയുന്ന, കണ്ണുമടിയുന്ന, കരളുമുടയുന്ന കദനദാരുണ മരണവേദനയാണാരംഗം! പാലൂട്ടി, പാട്ടാട്ടി, താരാട്ടി, പ്പലവുരു മാറോടുചേൎത്തു വാരിവാരിയെടുത്തുമ്മവെച്ച ആ തങ്കപ്പങ്കജാങ്കത്തിങ്കളെ ഒരു കുറിയൊന്നന്ത്യമായുമ്മവെയ്ക്കാൻ അമ്മാതാവെത്ര തുടിച്ചിരിക്കില്ല! ആഹാ, ആ പൂൎണ്ണേന്ദുക്കൾ പരസ്പരം പുല്കാൻ ആ കരാളകാള മേഘങ്ങൾ അനുവദിച്ചിരുന്നില്ലത്രേ! ക്രിസ്തുനാഥന്റെ കദനയാനത്തിൽ ഇത്രത്തോളം തന്റെ ഹൃദന്തം പൊള്ളിച്ച മറ്റൊരു ദാരുണരംഗം ഉണ്ടായിരുന്നിരിക്കില്ല!

നിങ്ങളൊന്നു ചിന്തിക്കൂ! നിങ്ങളുടെ ഒരേ ഒരു മകൻ, —മറ്റൊരു മകനില്ലാ—നിങ്ങൾക്കീ ലോകത്തിൽ—നിങ്ങളുടെ ഒരേ ഒരമ്മ—വേറൊരമ്മ ഇഹത്തിൽ നിങ്ങൾക്കുണ്ടാവുകയുമില്ല! നിങ്ങളുടെ പൊന്നോമനക്കുമാരന്റെ ആ ദാരുണമായ മരണരംഗത്തിൽ നിങ്ങളുടെ സ്നേഹം നിറഞ്ഞ കണ്മണികൾ ഒരു കുറി പരസ്പരം ഇടയാൻ ഇടവരുന്നെങ്കിൽ —ആഹാ, മരണയാതനപോലും നിങ്ങൾക്കത്രയ്ക്കു ഹൃദയവേദന വരുത്തുമോ? ഇല്ലില്ല! ആ സ്നേഹത്തിടമ്പുകളുടെ ഹൃദയത്തുടിപ്പുകൾ തമ്മിലിടിച്ച് ചക്രവാളസീമയുമുടച്ച്, വിണ്ഡലത്തിനു വീൎപ്പിളകിയിരിക്കണം! മാരുതൻ നിലച്ചിരിക്കും!! മലകൾ ഉടഞ്ഞിരിക്കും!!! പാറകൾ പിള

"ഹാ, രണ്ടു സ്നേഹം തുളുമ്പുന്ന ഹൃദയങ്ങളുടെ ദീനദീനമായ
ഏററുമുട്ടലുകൾ!"



"ആ തങ്കപ്പൂങ്കാജാങ്കത്തിങ്കളെ ഒരു കുറിയൊന്നന്ത്യമായുമ്മ
വയ്ക്കാൻ അമ്മാതാവെത്ര തുടിച്ചിരിക്കില്ല!
**അതാ അമ്മയും മകനും!"**

ന്നിരിക്കും! ആ ജഗന്നിയന്താവിൻെറ കരൾ മിടിച്ചുമിടിച്ചു പൊടിഞ്ഞു പോയിരിക്കും!—അതാ അമ്മയും മകനും!

നരവേട്ടയുടെ വെന്നിക്കൊടിയുമേന്തി, അവർ മുന്നേറുകയാണു്! നാഥൻ വിങ്ങിവിങ്ങിത്തൻെറ കാലടികളെ വലിച്ചിഴയ്ക്കുന്നു. ആ കുന്നിൻെറ മേലത്തെ, ത്യാഗത്തിൻെറ പുത്തനുത്തുംഗതലത്തിലെത്തി, അവിടുന്നു്! താന്തമായ തൻെറ തനുതലം ഒരു കുറിയൊന്നുന്തി മുന്നേറുവാൻപോലും ശക്തിയില്ലാതെ അവിടുന്നതാ, വാടിത്തളൎന്നു വീഴുന്നു!

ഇത്തരുണത്തിൻെറ ദാരുണത കണ്ടുകൊണ്ടു്, പൂന്തെന്നൽ ഒരു നെടുവീൎപ്പിട്ടു! പകലോൻ ഒന്നു പരുഷനായി ഒരു പെരുമൂച്ചു വെച്ചു! വിശ്വംഭരവേപഥുഗാത്രയായി! ഹിമാലയൻ ഒന്നു കുനിഞ്ഞു നോക്കി, കുഞ്ചിതകുത്സിയായി! കടലലകൾ ഒന്നു കുതികാലുയൎത്തി, തുറിച്ചു നോക്കി, തേങ്ങിക്കരഞ്ഞു, തളൎന്നു വീണു! മേഘവൃന്ദങ്ങൾ തമ്മിലടിച്ചു, കെട്ടിപ്പിടിച്ചു, പൊട്ടിച്ചിതറി! കരൾ വിണ്ടുരുധിര ബാഷ്പവൎഷിയായ കതിരവൻ ആ കരിമേഘത്തുണ്ടുകൊണ്ടു തൻെറ കൺതുടച്ചു! അങ്ങനെ വിശ്വംഭര ഒരു നെടുവീൎപ്പിട്ടു ഞെട്ടിക്കരഞ്ഞു; വിശ്വസ്രഷ്ടാവിൻെറ ആ വീഴ്ചകണ്ടയുടൻ!

ശകാരങ്ങൾക്കോ, ശാസനങ്ങൾക്കോ, അക്രമത്തിനോ, ആക്രോശത്തിനോ ദുൎബ്ബലനായ് നിപതിച്ച ആ വിശ്വശില്പിയെ ഒന്നുയൎത്തുന്നതിനു കഴിഞ്ഞിരുന്നില്ല! അക്രമം അവിടെ അപജയമെന്നുതന്നെ ആ ചണ്ഡാളന്മാർ ഹൃദിസ്ഥമാക്കി! യേശുനാഥൻ ഇനിയും മൎദ്ദിതനായാൽ ആ കുരിശു ചുമന്നു് തൻെറ അന്ത്യസങ്കേതത്തിലെത്തിച്ചേരുക അസാദ്ധ്യമെന്നവൎക്കുതോന്നി!

അപ്പോൾ സിറിയാക്കാരനായ ഒരു യഹൂദ വൃദ്ധൻ അവിടേയ്ക്കു വരുന്നുണ്ടായിരുന്നു! അതു് അലക്സാണ്ഡറിൻെറ

യും, റൂഫസ്സിൻെറയും പിതാവായ സൈമൺ ആയിരുന്നു. പടയാളികൾ യഹൂദനായ സൈമനോട് ക്രിസ്തുവിൻെറ കുരിശുകൂടി താങ്ങിക്കൊണ്ടുപോവാൻ നിർദ്ദേശിച്ചു. അങ്ങനെ സർവ്വലോകനിയന്താവിന്—സാക്ഷാൽ സർവ്വശക്തന് ആ ബലഹീനതയിൽ ഒരു സഹായി കൂടി ലഭിച്ചു! അവിടുത്തെ നിസ്സഹായത, അങ്ങയുടെ സഹന സന്നദ്ധത, സ്നേഹ സാന്ദ്രത, എല്ലാം അവിടുത്തെ സൃഷ്ടികൾക്കായി!

ഹേ, ജഗദീശ്വരാ, സർവ്വശക്തനായ അവിടുത്തെ അപ്രമേയ പ്രഭാശക്തിപൂരം ഈ നരപാപപ്രകാണ്ഡത്തെ ഒന്നൊതുവിടുവാൻപോലും സുശക്തമായില്ലെന്നോ! ആഹാ, അവിടുത്തെ അത്യഗാധ ഹൃദയദയാവാരിധിയിൽ എത്രയെത്ര വികാരത്തിൻെറ വേലിയേററങ്ങൾ എന്തെന്തു ദുരന്തകല്ലോലമാലകൾ, അലയടിച്ചിരിക്കില്ല! സർവ്വശക്തനായ അങ്ങയുടെ സർവ്വശക്തിയ്ക്കു മുന്നിൽ ഈ നിസ്സഹായത, ഏതേതു ലജ്ജാപഞ്ജരത്തെ ഉത്തേജനം ചെയ്യിരിക്കില്ല! അതും പാപ പങ്കിലരായ നരപരമ്പരക്കായി. അവിടുത്തെ സ്നേഹമേ സ്നേഹദീപ്തി! അവിടുത്തെ ത്യാഗമേ, ത്യാഗപൂർത്തി!!! സഹനമേ, സർവ്വലോകവിമുക്തി!!!

ആഹാ, അഴകു വഴിഞ്ഞൊഴുകു അവിടുത്തെ ആകാരസൗകുമാര്യം എത്രയെത്ര വികൃത വ്യതിയാനങ്ങൾക്കു വിധേയമാകുന്നു! വിയർത്തു വിളറിയ ആ വദനാരവിന്ദം! ചതഞ്ഞു ഞെരിഞ്ഞ തിരുശിരസ്സ്! മുറിഞ്ഞു തകർന്ന നെററിത്തടം! ആ കൂർത്തുമൂർത്ത മുൾമുടി വളയം! ചോരവീണുണങ്ങി, ജടപിടിച്ച കുടില കുന്തളം! അഹോ, ദാരുണമായ അവിടുത്തെത്തിരുശരീരം!

അവിടുത്തെത്തിരുശിരസ്സിൽ നിന്നൊലിച്ചു വരുന്ന ദിവ്യരക്തവും, തിരുമിഴികളിൽനിന്ന്, ഇററിററു വീഴുന്ന ക

ണ്ണീർക്കണങ്ങളുംകൂടി കുഴഞ്ഞു വഴിഞ്ഞ്, ദിവ്യനാഥൻെറ തിരുമുഖം വികൃതമായിത്തുടങ്ങി! അങ്ങയുടെ തുടുതുടുത്ത കവിൽത്തടം,— കനിവിൻെറ കരകാണാത്ത ആ അമലാസ്യമതിബിംബം — സ്നേഹത്തിൻെറ ദിവ്യാഭചിന്തുന്ന ആ തിരുമുഖം— അൻപിൻെറ അഴകുപൊഴിയും ആ അധരയുഗളം ഇവയെല്ലാം കേവലം വികൃതങ്ങളായി— കഷ്ടാനുഭവത്തിൻെറ കടുകടുത്ത കഠന യാതനകളെ ദീനദീനം വിളമ്പനം ചെയ്യുന്നതായ് തോന്നി! അവിടത്തെ അനുധാവനം ചെയ്ത ജനസമൂഹത്തിനിടയിൽനിന്നും, ശോകാർദ്രചിത്തയെങ്കിലും, സുധീരം മുന്നോട്ടു പാഞ്ഞു വന്ന ഒരു തരുണീമണി അതാ, യേശുനാഥനെ സമീപിക്കുന്നു! "സ്വാമിൻ" ആ വിറപൂണ്ട വായിൽനിന്നും ഒരു ദീനസ്വനം ഉയന്നു! നിറഞ്ഞു പൊഴിയുന്ന അവളുടെ നയനയുഗളം വീണ്ടും നാഥൻെറ നേക്കയത്തി, ഒരു മനോഹരമായ തുണിത്തുണ്ടുയത്തി, വിരിച്ചു പിടിച്ചുകൊണ്ട്, അനുകമ്പാകുലയായി— അശ്രുധാരയോടുകൂടി അവൾ വീണ്ടും—"സ്വാമിൻ...അ...ങ്ങേ...തിരു...മു...ഖം..." എന്നപേക്ഷിച്ചു! യേശുനാഥൻ അത്തരുണത്തിലും, അനുഗ്രഹത്തിൻെറ അനന്തകാന്തി ചിന്തിക്കൊണ്ട് അല്പം ഒന്നു പിന്തിരിഞ്ഞു! വിറപൂണ്ട അവിടത്തെ വലതു കരവല്ലിയുയത്തിനീട്ടി അവളിൽനിന്നും ആ തൂവാല വാങ്ങി തൻെറ വികൃതമായ ആ വദനബിംബം ഒന്നു തുടച്ചു. അഹോ, അത്ഭുതമേ, ആ തൂവാലയിൽ അവിടത്തെത്തിരുമുഖച്ഛായ അച്ചടിച്ചപോലെ! അത്രമാത്രം സുവ്യക്തമായ് പ്പതിഞ്ഞു! ഭക്തയായ—"വെറോനിക്ക"—ആ തൂവാല ദിവ്യനാഥനിൽനിന്നും വണക്കത്തോടുകൂടി വാങ്ങി, വഹിക്കവയ്യാത്ത ഹൃദയഭാരത്തോടുകൂടി, ചുടുകണ്ണീർ പൊഴിയുന്ന അവളുടെ മനോഹര മിഴികളിൽച്ചേത്ത് ഒരു കുറി ഒന്നു ചുംബിച്ചു! വിങ്ങി വിങ്ങി അവൾ ഒരു ചുടുപിടിച്ച നെടുനിശ്വാസമിട്ടു!

ആ പടയാളികൾ നിർദ്ദയം യേശുനാഥനെ ഉന്തിയുന്തിത്തള്ളിവിട്ടു! മൃഗീയമായ ഒരു പരുഷാട്ടഹാസത്തോടുകൂടി ആ കദനയാനം അങ്ങനെ മന്ദം മന്ദം മുന്നോട്ടു നീങ്ങിക്കൊണ്ടേയിരുന്നു!

പറവകൾക്കു പഞ്ജരവും, കുറുനരികൾക്കു ഗുഹാഗഹ്വരവും, മാനവർക്കു മണിമാളികയും, അവശർക്ക്, ആനന്ദാശ്വാസവും, പീഡിതർക്കു, പരമാനന്ദപൂരവും പ്രദാനംചെയ്ത സർവ്വലോകനിയന്താവിന്ന്, ഈ യാതനാനിർഭരമായ വേദനാവിഹാരത്തിൽ ഒരാശ്വാസനിശ്വാസമരുളാൻ, അതാ, ജറുസലേമിലെ തരുണീമണികൾ, അശ്രുവർഷിതരായി അണിനിരക്കുന്നു! അവരുടെ ആഴമാർന്ന കേഴലുകളെ കണ്ണീരോടുകൂടിത്തന്നെ ആ കാരുണ്യമൂർത്തി കടാക്ഷിക്കുന്നു!

സന്തപ്ത സമ്പ്ലുതനായ ആ ജഗന്നിയന്താവിന്റെ ചുട്ടുപഴുത്ത ഹൃദയാന്തരത്തിൽനിന്നും ആ ദുരന്തവേളയിൽപ്പോലും സ്വാന്തനത്തിന്റെ സംതൃപ്തമൊഴികളാണു പൊഴിയുന്നതു്: "ജറുസലേം പുത്രിമാരേ, നിങ്ങൾ എന്നെയോർത്തു വിലപിക്കേണ്ടതില്ല! എന്നാൽ നിങ്ങളേയും, നിങ്ങളുടെ സന്തതികളെയും ചിന്തിച്ചു സന്തപിക്കുവിൻ! എന്തുകൊണ്ടെന്നാൽ, അതാ, വിധവകളും മുലകൊടുക്കാത്തവരും ഭാഗ്യവതികൾ എന്നു പറയുന്ന ഒരു ദിനം വരുന്നുണ്ടു്. പച്ചമരത്തോടു മനുഷ്യർ ഇപ്രകാരമാണു ചെയ്യുന്നതെങ്കിൽ, കേവലം ഉണക്കമരത്തോടു് എപ്രകാരമായിരിക്കുമെന്നു നിങ്ങൾ ചിന്തിക്കുവിൻ!"

ഈ അനുശോചന സന്ദേശം, അതിന്റെ സ്വരം, വിലപനീയത, പരിശുദ്ധത, ത്യാഗസന്നദ്ധത ഇവയെല്ലാം സങ്കടത്തിന്റെ സന്ദേശങ്ങളേക്കാൾ, പാപത്തിന്റെ പ്രായശ്ചിത്ത പ്രകടനാഹ്വാനമായി അവർക്കു തോന്നി! ഏവംവി

ധം യേശുനാഥൻ തന്നേക്കാൾ കൂടുതൽ സുഭിക്ഷസന്നദ്ധത അവൎക്കാണു വേണ്ടതെന്നറിയിച്ചു. എന്തെന്നാൽ ഈ സ്ത്രീരത്നങ്ങളെപ്പററിയാണു്, ബീറിയുടെ സുതനായ — ഓസ്സി, (Osee, the son of Beeri.) പ്രവചിച്ചതു്: "ദൈവമേ അവൎക്കു സകല ഭാവുകങ്ങളും അരുളിയാലും! എന്നാൽ എന്താണങ്ങവൎക്കു നല്കുവാൻ പോകുന്നതു്? അവൎക്കു പ്രസവിക്കാത്ത ഉദരങ്ങളും, ക്ഷീരശൂന്യമായ മാറിടങ്ങളും നല്കുക! എന്തുകൊണ്ടെന്നാൽ, അവർ മലകളോട് "ഞങ്ങളെ മറയ്ക്കുവിൻ" എന്നും, കുന്നുകളോട് "ഞങ്ങളെ മൂടുവിൻ" എന്നും പറയാതിരിക്കട്ടെ!

അശക്തിയും അവശതയും അവിടുത്തെ അലട്ടിയിട്ടും അവിടുന്നു് ആ ദുരന്തനാടകത്തിൻെറ അന്ത്യരംഗത്തിലെത്തിച്ചേൎന്നു. പടയാളികൾ അദ്ദേഹത്തിനു കുറേ കൈപ്പുപാനീയം കലക്കിക്കൊടുത്തു. അവരുടെ യഹൂദാചാരമനുസരിച്ചു കുലീനകുലജാതരായ, സ്നേഹസമ്പന്നരായ തരുണീമണികൾ ഈ കൈപ്പു പാനീയം കൈയിലേന്തി തടവുകാൎക്കു കൊടുക്കുക പതിവായിരുന്നു. ആ യഹൂദാചാരത്തെ ഉപജീവിച്ചു് പടയാളികൾ ദിവ്യനാഥനു് ഈ പാനീയം നല്കിയത്രേ! അവിടുത്തെ ഈ നിതാന്ത ദുരന്തബന്ധുരതയിൽ ഒരു തുണ്ടുമേഘമെങ്കിലും, ഒരുതിക്ക മഴ പൊഴിഞ്ഞു്, ഒരു തുള്ളി വെള്ളംപോലും ആ ദിവ്യസ്രഷ്ടാവിനു് നല്കിയിരുന്നില്ല!

പശുക്കിടാവിനു പാലും, പൈതലിനു മുലയും, മധുപനു മകരന്ദവും, വേഴാമ്പലിനു മഴവെള്ളവും നല്കിയ ആ മഹേശ്വരനു്, ഒരു തുള്ളിപ്പച്ചവെള്ളം നല്കുവാൻ സുഖഭോഗ നിരതരായ ഒരു മാനവനും മുതിൎന്നതില്ല! ഘനംഘനനിബദ്ധിതമായ ഒരു തുണ്ടുകൊണ്ടലെങ്കിലും ഒന്നു മനമലിഞ്ഞു പൊഴിഞ്ഞതില്ല! വെണ്മയിൽ വെള്ളിക്കൊള്ളിയാനിട്ടു തുള്ളിമറിയുന്ന ഒരു തുണ്ടു മഞ്ഞുകട്ടപോലും, തേജോരൂപി

യായ അവിടത്തെ ദാഹവഹ്നിയിൽ ഒന്നുരുകി ഒഴുകിയിരുന്നുമില്ല! വിവശയായ വികാരശേ ഷതബിന്ദുക്കളെത്തഴുകിക്കളപ്പിക്കുവാൻ മഹാമനസ്വിയായ മന്ദമാരുതനും മനമലിഞ്ഞില്ലത്രേ! അങ്ങനെ സർവരാലും പരിത്യക്തനായ ആ പരമപാവന പരിത്യാഗിൻ, അതാ, ആ കൈപ്പുപാനീയം ഒന്നു രുചിച്ചു. പക്ഷേ അതു പാനം ചെയ്യുവാൻ അവിടത്തെ അസഹനീയത അനുവദിച്ചിരുന്നില്ല! അങ്ങനെ അവരുടെ സകലവിധ യാതനാ നിയമനങ്ങൾക്കും അവിടുന്നതാ, വിധേയനാകുന്നു.

ഇതാ, അവിടത്തെ നയനയുഗളങ്ങൾ നനഞ്ഞു കഴിഞ്ഞു! അതു് ചില പരുപരുത്ത കശാപ്പുകോപ്പുകളിലേക്ക് എത്തിച്ചേർന്നു! ആ മരക്കുരിശു് ഭൂമിയിലേക്കാപതിച്ചു! കാരിരുമ്പാണികളും, കൊട്ടുവടികളും പരുഷഹർഷഘോഷണത്തോടെ പല്ലിളിച്ചു! ഏണിപ്പടികൾ ഒരു രൂക്ഷവീക്ഷണത്തോടെ എഴുന്നു നിന്നു! കുന്തം, കൊരടാ, ചരടു് എന്നിവയും ക്രൂരമൂർത്തി ചലനാഹ്വാനശകാരം ചൊരിഞ്ഞുകൊണ്ടങ്ങനെ ഇരച്ചുവന്നു! ഇതുവിധം തന്റെ അന്ത്യനിമിഷങ്ങളെ ആ നിർദ്ദയ മർദ്ദകായുധങ്ങൾ അനുസ്മരിപ്പിച്ചു. അപ്പോൾ തന്റെ സർവാംഗങ്ങളും തുടിച്ചു! ഹൃദന്തം വെടിച്ചു! കരൾമിടിച്ചു; കൺകൾ പൊടിച്ചു! കൈകാൽ വിറച്ചു. എന്നാൽ ആ ദുരന്ത മരണാന്തത്തെ സുധീരം അഭിമുഖീകരിച്ചുകൊണ്ടു് നിശ്ചല നിർമ്മലമായ അവിടത്തെ അനന്താത്മാവു് അങ്ങനെ കാത്തുകാത്തു നിന്നിരുന്നു!

ആരംഭിച്ചു; മർദ്ദനങ്ങൾ! ആ ചെന്നായ്ക്കൾ നിർദ്ദാക്ഷിണ്യം, രക്തമാംസ്സസംഘടിതമായ, അവിടത്തെ ആടകളെ അള്ളിക്കീറിയെടുത്തു! അക്കാലത്തു് ക്രൂശിക്കേണ്ട തടവുകാരെ, നഗ്നരാക്കി വധിക്കണമെന്നായിരുന്നു യഹൂദനിയമം! അവർ അദ്ദേഹത്തെ ആ മരക്കുരിശിങ്കലേയ്ക്കു പിടി

ച്ചിരുത്തി! നിഷ്ഠൂരന്മാരായ ആ യഹൂദകിങ്കരന്മാർ ആ പരിപാവന പാണീയുഗളത്തെപ്പിടിച്ചു നീട്ടി. മറെറാന്നുമല്ലാ, അവർ അദ്ദേഹത്തിനു നന്ദിപൂർവ്വം സമ്മാനമരുളിയതു്; കൂർത്തുമൂത്ത രണ്ടു കാരിരുമ്പാണികൾ! ആ ശാന്തസുന്ദരാനന്ദകാന്തി ചിന്തുന്ന ചെന്താമരക്കരതലത്തിൽ അവർ ആഞ്ഞാഞ്ഞടിച്ചമർത്തി! കണ്ണും കരളുമില്ലാത്ത നന്ദികെട്ട നരസമൂഹമേ, വിശ്വംഭരസ്സു വശ്യവീചി വിരിച്ച വിശ്വശില്പിയുടെ—അനന്തസ്സു് അനന്താനന്ദ സൗന്ദര്യം സംഭാനം ചെയ്ത സച്ചിന്മയന്റെ - പുലരിസ്സു പൊന്നൊളിപ്പൂതുമ പൂശിയ പുകൾപെററ സകലലോകൈക കലാകാരന്റെ—യുഗങ്ങൾക്കു് നവനാഗരികതയണിയിച്ച വിശ്വൈക സമ്രാട്ടിന്റെ ആ പൊന്നോമനത്തങ്കക്കരപ്പങ്കജങ്ങളിലാണു്, നീ ആ ആണികൾ ആഞ്ഞാഞ്ഞടിച്ചിറക്കിയതെന്നറിഞ്ഞിരുന്നെങ്കിൽ! ഏതൊരപ്രമേയ പ്രഭാനികുഞ്ജത്തിൽ നിന്നും പ്രഭാകരനുപ്രഭയും, വിശ്വത്തിനു വശ്യതയും വീശിയോ, ഏതൊരു ശാശ്വതശക്തി നികേതനത്തിൽനിന്നും, നിന്റെ ബലിഷ്ഠഹസ്തങ്ങൾക്കു് കൊഴുപ്പും, മെഴുമെഴുപ്പും ലഭിച്ചുവോ ആ കമനീയകരകമലതലത്തിലേയ്ക്കല്ലേ -- നന്ദി കെട്ട നരാധമാ, നീ നിന്റെ കൃപാശുഷ്കമായ ഹസ്തകരവാളമുയർത്തിവിട്ടതു്?

മരണവേദനയാൽ പിടഞ്ഞു പിടഞ്ഞു പുളയുന്ന ആ പാത്തലം പട്ടത്ത പരൻപുരാന്റെ പൊന്നോമനത്തങ്കപ്പാദപങ്കജത്തിലും അവർ കഠോരക്രൂരാണികൾ ആഞ്ഞാഞ്ഞടിച്ചിറക്കി! അങ്ങനെ പ്രവാചകന്മാരുടെ, "അവർ എന്റെ കൈയ്കളെയും കാലുകളെയും തുളച്ചു; എന്റെ അസ്ഥികളെയെല്ലാം അവർ എണ്ണി" എന്ന പ്രവചനം നിറവേറി!

അതാ, പ്രാണവേദനയാൽ ഇടനെഞ്ഞുടഞ്ഞു പിടഞ്ഞുകേഴുന്ന ആ "ദിവ്യചെമ്മരിയാട്ടിൻകുട്ടി"യെ അവർ

ക്രൂശിച്ച് ഒരു ഗുഹാഗഹ്വരത്തിലേയ്ക്കുയൎത്തിനാട്ടി! അഹോ ആ കുഴിക്കുള്ളിൽ ഊക്കോടുകൂടി വീണയുടൻ, അവിടത്തെ മാംസപേശികൾ എത്രമാത്രം വലിഞ്ഞിരിക്കില്ല! എത്രയെത്ര അസ്ഥിഖണ്ഡങ്ങൾ ഒടിഞ്ഞു പൊടിഞ്ഞിരിക്കില്ല!! എത്രയെത്ര രുധിരധാരകൾ കുടുകുടാ വാൎന്നു ചേൎന്നിരിക്കില്ല!!!

പറവകൾക്കു പരന്ന ചുള്ളിക്കാടുണ്ടാവാം. മൃഗങ്ങൾക്ക് നല്ല മലരണിമലന്തോപ്പുകളുണ്ടാവാം. മനുഷ്യനു് മാനത്തു മുത്തുന്ന പുത്തനുത്തുംഗപത്തനവും കണ്ടേയ്ക്കാം! എന്നാൽ മണ്ണും, വിണ്ണും ചമച്ച സകല ചരാചര ഗുരുവിനു് തന്റെ തിരുത്തല ചായിക്കുവാൻ ആറടിസ്ഥലം ഭൂമുഖത്തുണ്ടായിരുന്നില്ലത്രേ!

ആകാശത്തിനും ഭൂമിയ്ക്കുമിടയ്ക്കു്, ആവേശജനകമായ ഒരു ചോദ്യചിഹ്നംപോലെ, ആ അവധൂതോത്തംസം, അവാങ്മുഖനായി, അഗ്രഹസ്തവിലൂലനായി, അവശജനതാഹ്വാനത്തിനാലംബമരുളുന്ന, അജയ്യാരുണാഭപോലെ, അലിവുള്ള ഹൃദന്തങ്ങളെ പൊള്ളിപ്പിക്കുന്ന ഒരത്ഭുതസ്തൂപികപോലെ—അനീതിയുടെ ദുരന്തവഹ്നിയിൽ വെന്തുരുകുന്ന ന്യൂനപക്ഷജനതയുടെ അവശതയ്ക്കു് ഒരാശ്വാസകല്പപാദപം പോലെ, അജരവര്യനായ ആ മനുഷ്യപുത്രൻ, അങ്ങനെ മൂന്നാണികളിൽത്തൂങ്ങി മൂൎച്ഛിച്ചു കിടന്നിരുന്നു!

ആഹാ, യഹൂദസമുദായമേ, ആന്ധ്യമായ നിന്റെ രാജനീതിയുടെ മുമ്പിൽ, മൂന്നാണികളിൽത്തൂങ്ങി, മന്നിന്റെ മിന്നലൊളിപോലെ, മൂൎച്ഛിച്ചു മാഴ്കുന്ന ആ ജഗന്നീതിയുടെ ചോദ്യചിഹ്നത്തിനു്, നീ എന്തുത്തരമാണു നല്കുന്നതു്? ഇതുപോലെ എത്രയെത്ര സഹസ്രം ഉലകൊരുമിച്ചു് അണിനിരന്നാലും, ആ പ്രപഞ്ചപ്രശ്നത്തിനൊരുത്തരമരുളാൻ കഴിയുമോ—ആരോ?

ഹേ, യഹൂദവംശമേ, നിന്നെപ്പാലൂട്ടിയ കരപല്ലവത്തിൽ നീ ദംശിച്ചു! ഒരു തള്ളക്കോഴി തൻെറ കുഞ്ഞുങ്ങളെ അതിൻെറ ചിറകുകൾക്കിടയിലൊതുക്കി, സുരക്ഷിതമാക്കിത്താലോലിക്കുംപോലെ, നിനക്കു സമ്പത്തിലും, ആപത്തിലും ആനന്ദമണിവീണമീട്ടി, നിന്നെത്താരാട്ടിയുറക്കിയ ആ പൊന്നോമനത്തങ്കക്കരത്തിങ്കളെയാണ്, നീ നിർദ്ദയം കുത്തിത്തുളച്ചതു്!

ക്രിസ്തുനാഥനോടൊപ്പം സമാനീതരായ രണ്ടു തസ്കരന്മാരെയും, ക്രിസ്തുവിൻെറ ഇരുപാർശ്വങ്ങളിലായി ക്രൂശിച്ചിരുന്നു. യേശുനാഥൻെറ കുരിശിൻെറ ഉച്ചിയിൽ, "യഹൂദരാജാവായ നസ്രത്തിലെ യേശു''—എന്ന് ഹീബ്രു, ലാററിൻ, ഗ്രീക്കു് എന്നീ ഭാഷാത്രയങ്ങളിൽ വിരചിതമായ ഒരു പരസ്യപ്പലകയും തൂക്കിയിരുന്നു. അപ്പോൾ മദ്ധ്യാഹ്നം മൂന്നുമണിയായിരുന്നു!

പടയാളികൾ ക്രിസ്തുവിൻെറ ക്രൂശിത കൃത്യം നിർവ്വഹിച്ചുകഴിഞ്ഞു! അനീതിയുടെ അവസാനത്തെ, അനിയന്ത്രിതമായ ആഞ്ഞടികൾപോലും അവിടുത്തെ മധുരമഞ്ജുളമായ മാംസപിണ്ഡത്തെക്കുത്തിത്തുളച്ചിരുന്നു! അഹോ, കൃതഘ്നരായ യഹൂദജനസമൂഹമേ, നിങ്ങളുടെ ശ്രീലശിരോരോഗങ്ങൾക്കു് ശേഷിയും ശേമുഷിയും വീശി, സകലകലാലോലരാക്കിയതിനു്, നിങ്ങൾ അവിടുത്തേയ്ക്കു നല്കിയ കൃതകേതരമായ കൃതജ്ഞത; ഒരു മുൾക്കിരീടം! അഴകു പൊഴിഞ്ഞൊഴുകുന്ന ആകാരസൗകുമാര്യം നല്കി, നിങ്ങളെ അത്യാകർഷക ഹർഷവർഷികളാക്കിയതിനു്, നിങ്ങൾ അവിടുത്തേയ്ക്കു കാണിയ്ക്കയണച്ച ഉൽക്കർഷോപഹാരം—ഒരു വ്രണിതശരീരം! നിതാന്ത ദുരന്താന്ധകാര ബന്ധുരതയെ ദൂരീകരിച്ചു് അനുഗ്രഹജ്ഞാനഭണ്ഡാകാരം തുറന്നുതന്ന ആ പരിപൂതപാണീയുഗളങ്ങളെ നിങ്ങൾ നിർദ്ദയം കുത്തിത്തുളച്ചല്ലോ! തീരാദ്ദുരന്തമേ

ന്തി, നിർദ്ദയ മർദ്ദനത്തിനു നിങ്ങളെ സമീപിച്ച പൈശാചിക ശക്തിയെ പാടേ പദാഘാതംചെയ്തു്, നിങ്ങൾക്കു പരമപാവന പാന്ഥാവൊരുക്കിയ, ആ പരമപവിത്രപാദപത്മങ്ങളിൽ, ഹൃദയമററ മനുഷ്യഷണ്ഡമേ, നിങ്ങൾ കണ്ണുംപൂട്ടി ക്കാരിരുമ്പാണികൾ അടിച്ചുറപ്പിച്ചല്ലോ! ഹേ! നന്ദികെട്ട നരസമൂഹമേ, ത്യാഗത്തിൻെറ പരമയാഗത്തിൽ, സ്നേഹത്തിൻെറ സ്വർല്ലോക സന്ദേശമോതി — സഹനത്തിൻെറ സമരകാഹളം മുഴക്കി, സാഹോദര്യത്തിൻെറ ശോകാന്തനാടകമഭിനയിക്കുന്ന, ആ ലോകൈക കലാകാരൻെറ പരിപൂത കളേബരത്തിൽനിന്നും നിരർഗ്ഗളം വിനിർഗ്ഗളിക്കുന്ന രുധിരധാര കുടിച്ചെങ്കിലും, നിൻെറ പൈശാചികദാഹം ശമിച്ചെങ്കിൽ.,....!

മനുജകുലത്തിനു മേധാവിലാസമേകിയ ആ ശ്രീലശിരോഗോളം പിളർന്നുപായുന്ന വിലമതിയാത്ത വിമലശോണിതം ഇനിയും വററിയിട്ടില്ല! നിരാലംബതയുടെ നിശിത മർദ്ദനത്തിൽ അവിടുത്തെ ഹൃദന്തത്തിൽനിന്നുതിർന്നു പൊങ്ങുന്ന ദീർഘനിശ്വാസങ്ങൾ ഇനിയും നിലച്ചിട്ടില്ല!! കരചരണങ്ങളുടെ കമലദളലോല തലത്തിലിരുന്നു്, അലിഞ്ഞലിഞ്ഞുതിരുന്ന രുധിരധാര നിശ്ശേഷം നിന്നിട്ടും ഇല്ല!!! ദാഹവിവശമായ, അവിടുത്തെത്തകന്ന ഹൃദന്തവും, വ്രണിതപൂർണ്ണമായ അവിടുത്തെ വികൃതവപുസ്സും, ബാഷ്പവർഷിയായ നാഥൻെറ നയനയുഗളങ്ങളും ആ തീരാദുർന്തത്തിൻെറ തോരാത്ത നീരും ചോരയും ഒഴുക്കിക്കൊണ്ടു് വിറപൂണ്ടവിടത്തിൽത്തന്നെ കിടന്നിരുന്നു!

ആ നൈരാശ്യം നീണ്ട നരകയാതനയുടെ മൂർദ്ധന്യദശയിലും, കരുണാമൂർത്തിയായ ക്രിസ്തുനാഥൻ സഹനത്തിൻെറ ശംഖനാദം മുഴക്കി! "പിതാവേ, ഇവരെന്തു ചെയ്യുന്നെന്നു്, ഇവർ അറിയുന്നില്ല; ഇവരോടു ക്ഷമിക്കേണമേ!"

ആഹാ, ത്യാഗത്തിൻെറ മോഹനമുരളിമൂളി, സഹനത്തിൻെറ സംപൂതകാഹളം മുഴക്കി, പരിത്യാഗപാരമ്യത്തിൻെറ പരിത്യക്ത മരണ മരമെത്തയിൽ പള്ളികൊള്ളുന്ന കരുണാവാരിധേ, ദയാമസൃണമായ അങ്ങയുടെ ഈ ക്ഷമാപണോക്തികളുണ്ടോ—കരാള കരവാള താളമേളം കേട്ടു തഴമ്പിച്ച അവരുടെ കർണ്ണകന്ദങ്ങളിലെത്തുന്നു? സ്വാത്മമൂത്തികളായ ആ ഭടസഞ്ചയം ക്രിസ്തുനാഥൻെറ തിരുവസ്ത്രങ്ങൾ പങ്കുവച്ചെടുക്കാനൊരുമ്പെട്ടു. എന്നാൽ നാഥൻെറ മേലങ്കി നാലായിട്ടു വിഭജിക്കപ്പെടേണ്ടിയിരുന്നു. അങ്ങനെ വരുമ്പോൾ, ആ വിമല വാസസ്സിൻെറ സൗകുമാര്യവും വിലയും പോകുമായിരുന്നു. തന്നിമിത്തം അവർ തൻെറ മേലങ്കിമേൽ ചിട്ടിയിട്ടു! അങ്ങനെ ദാവീദു ദീർഘദർശിയുടെ, “അവർ എൻെറ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തു; എൻെറ മേലങ്കി അവർ ചിട്ടിയിട്ടെടുക്കയും ചെയ്തു”—എന്ന ദീർഘദർശനം സഫലമായി. തദനന്തരം ആ സേവകസഞ്ചയം കുരിശിൻെറ മൂട്ടിൽ കാവലിരുന്നു!

സാധാരണ കൊലപ്പുള്ളികൾക്ക് അന്ത്യവിനാഴികയിൽ അല്പം ആശ്വാസവും, ആദരവും അരുളുക പതിവായിരുന്നു! എന്നാൽ യേശുനാഥനാകട്ടെ, അങ്ങനെയുള്ള ഒരു വിട്ടുവീഴ്ചയും നല്കി വന്നില്ല! ആ രാജകിങ്കരന്മാർ, അങ്ങനെയുള്ള അല്പം ആശ്വാസത്തിനുപകരം, അവിടെത്തടിച്ചുകൂടി നിന്നിട്ട്, ക്രിസ്തുനാഥനെ പരിഹസിക്കയും പീഡിപ്പിക്കയുമാണു ചെയ്തിരുന്നത്! മദോന്മത്തരായ അവർ ഓരോരുത്തരായി, കുതിച്ചു ചാടി അങ്ങയോടു ചോദിക്കുന്നു: “ഭോ, ദേവാലയം ഇടിച്ചു നിരത്തി, മൂന്നു ദിനംകൊണ്ടു പണിചെയ്യുമെന്നു പറഞ്ഞ മനുഷ്യാ, വരൂ; ഇപ്പോൾ നീ, നിന്നെത്തന്നെ രക്ഷിക്കുക! കുരിശിൽ നിന്നിറങ്ങിവരിക!” മററു ചിലരാകട്ടെ അദ്ദേഹത്തെ അതിലും ഉപരിയായി അവഹേളിച്ചു തുടങ്ങി! ക്രിസ്തുനാഥൻെറ പ്രഥമ പരീക്ഷണ

തരുണത്തിൽ, പിശാചു് അവിടുത്തെ മുമ്പിൽ ഉയൎത്തിനിൎത്തിയ ആ പ്രശ്നപ്രകാണ്ഡം തന്നെ ഇവിടെയും അവർ ആവൎത്തിച്ചു: "നീ ദൈവപുത്രനാണെങ്കിൽ, ഇതാ, കീഴേച്ചു വരൂ!"

ഇതുവിധം അവർ അങ്ങയെ ദൂഷണം ചെയ്തെങ്കിലും, ക്രിസ്തുനാഥൻെറ അനന്തര ഗതിയറിയാൻ അത്യാകാംക്ഷയോടുകൂടി നിന്നിരുന്നു! എന്നാൽ മററു ചില ഭടന്മാരാകട്ടെ വീണ്ടും അവിടുത്തെപ്പരിഹസിച്ചിരുന്നു: നീ ക്രിസ്തുവാകുന്നെങ്കിൽ വരൂ, ഇറങ്ങി; ഞങ്ങൾ അതു കണ്ടു നിന്നിൽ വിശ്വസിക്കാനായി കീഴേച്ചു വരിക!" അതിനെത്തുടൎന്നു് അവരുടെ നടുവിൽനിന്നും ഒരു വലിയ ഒച്ചപ്പാടുണ്ടായി: "നീ ദൈവപുത്രനാകുന്നെങ്കിൽ, നീ നിന്നെത്തന്നെ രക്ഷിക്കുക; അതുമൂലം ഞങ്ങളും രക്ഷപ്പെടട്ടെ!" ഏവം വിധമുള്ള അവരുടെ ഉള്ളുപൊള്ളുന്ന മുള്ളുവാക്കുകളുടെ പരുപരുത്ത പ്രതിദ്ധ്വനികൾ അങ്ങയുടെ മൃദുലകൎണ്ണയുഗളത്തിൽ മാറെറാലിച്ചുകൊണ്ടേയിരുന്നു! അതോടൊപ്പം അവിടെ ക്രൂശിതരായിരുന്ന ചോരന്മാരിൽ ഒരുവനും അവരോടു ചേൎന്നുകൊണ്ടദ്ദേഹത്തെ നിന്ദിച്ചിരുന്നു. എന്നാൽ വലത്തുഭാഗത്തു കിടന്നവൻ അപരനെ ശകാരിച്ചുകൊണ്ടു്: "നിനക്കു ദൈവഭയമേ ഇല്ല; നീ നിൻെറ കുററങ്ങൾക്കു ന്യായമായ ശിക്ഷ അനുഭവിക്കുന്നു; അങ്ങനെ നമുക്കു് ഈ ദണ്ഡനം നീതീകരിക്കത്തക്കതാണു്. എന്നാൽ നീതിമാനായ ഇദ്ദേഹം എന്തപരാധമാണു ചെയ്തതു്?" അങ്ങനെ അവൻെറ വിശ്വാസം, അവനിൽ ഒരു നവചൈതന്യം ഉളവാക്കി. അങ്ങനെ അവൻെറ ഉള്ളിൽനിന്നും ഉതിൎന്ന ഉത്തമവിശ്വാസത്തോടെ, "ഗുരോ, അവിടുന്നു് അങ്ങേ രാജ്യത്തു ചെല്ലുമ്പോൾ; എന്നെക്കൂടി ഓൎക്കേണമേ." എന്നപേക്ഷിച്ചു. വ്യസനത്തിൻെറയും, പശ്ചാത്താപ പാരവശ്യത്തിൻെറയും, വിശ്വാസദാൎഢ്യത്തിൻെറയും അടിയുറച്ച ആ സന്താപാഭ്യൎത്ഥന യേശുനാഥ

ന്റെ ഹൃദയത്തെ അലിയിച്ചു. അദ്ദേഹം അതാ, തന്റെ വ്രണിത ശിരസ്സൊന്നു വലത്തോട്ടു ചായിച്ച്, തന്റെ അനുഗാമിയോടായി, "ഞാൻ സത്യമായി നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ഉണ്ടായിരിക്കും"— എന്നു പ്രവചിച്ചു. തന്റെ തീരാദുരന്തത്തിന്റെ പാരമ്യത്തിൽപോലും പശ്ചാത്താപപരവശനായ ആ തസ്കരവീരന്റെ അന്ത്യാഭ്യർത്ഥനയിൽ അവിടുന്ന്, അവനു, മോക്ഷമരുളുന്നു! അവിടുത്തെ ഈ സന്തപ്ത നാടകത്തിന്റെ ദുരന്തരംഗങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ട്, സന്താപബന്ധുരയായി, തകർന്നഹൃദയവും താങ്ങി, തേങ്ങിത്തേങ്ങി, ബാഷ്പവർഷികളായി മൂന്നു മഹിളാമണികൾ ആ കല്പപാദപച്ഛായയിൽ നിന്നിരുന്നു. അവരോടൊത്ത്, ഒരു തരുണനും! വികാരദന്തുരനായ സ്വപുത്രന്റെ വേദനാർത്തനങ്ങളെ ആ ശോകാന്തഹൃദന്തത്തിലമർത്തി, വിങ്ങി, വിങ്ങി, വീർപ്പിട്ടുകൊണ്ട്, ശോകമൂകയായി കന്യകാമറിയവും, ക്ലിയോഫസിന്റെ ഭാര്യയായ മേരിയും, മഗ്ദലന മറിയവും, വിശുദ്ധ യോഹന്നാനോടൊത്ത്, അവിടെ നില്ക്കയായിരുന്നു!

അരിഷ്ടതയുടെ അടിത്തട്ടിൽത്തട്ടി പൊട്ടിത്തകർന്നു തേങ്ങിക്കരയുന്ന വന്ദ്യനാഥൻ തന്റെ ഹോമബലിയിൽ ഇദംപ്രഥമമായി തന്റെ വൈരികൾക്കുവേണ്ടി സ്വപിതാവിനോടു ക്ഷമായാചനം ചെയ്യുന്നു. രണ്ടാമതായി ആർത്തത്രാണപരായണനായ അവിടുത്തോട്, ധൂർത്തനെങ്കിലും, ഉത്തമമനസ്താപത്താൽ, പശ്ചാത്താപ പരവശനായി, മോക്ഷമിച്ഛിക്കുന്ന ആ തസ്കരമേധാവിയ്ക്ക്, സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യുന്നു! മൂന്നാമതായി, ഘോരപടയാളികളുടെ കരാളകരവാളമേറ്റു, ഹൃദയം വെടിച്ചു, വിങ്ങിക്കരഞ്ഞുകൊണ്ട് തന്റെ പാദപത്മങ്ങളെ പുണർന്നു പുല്കുന്ന ആ പെറ്റമ്മയെ നോക്കി, വിശുദ്ധ യോഹന്നാനെ ലക്ഷ്യമാക്കി, "സ്ത്രീയേ, ഇ

താ നിൻെറ മകൻ,'' എന്നും, യോഹന്നാനോടായി, "ഇതാ, നിൻെറ അമ്മ'', എന്നും അവിടുന്ന് അരുളിച്ചെയ്തു! അന്നി മിഷംമുതൽ കന്യകാമറിയം യോഹന്നാൻമൂലം മനുഷ്യമക്കളുടെ ഒക്കെയും മാതാവായും, നാം അവിടുത്തെ മക്കളായും അംഗീകൃതരായി. ഇങ്ങനെ യേശുനാഥൻ, ലോകത്തോടുള്ള തൻെറ ബന്ധത്തിൻെറ അന്ത്യശൃംഖലയും വെട്ടിപൊട്ടിച്ചു! അവിടുത്തെ അത്യഗാധമായ മാതൃസ്നേഹപാരമ്യം ഒന്നുമാത്രമാണ്, അത്തരുണത്തിൽ സ്വമാതാവിനെ, കേവലം, ''സ്ത്രീയേ'' എന്ന സംബോധന ചെയ്യാൻ പ്രേരിപ്പിച്ചത്. അന്നിലയിൽ, അത്തരുണത്തിൽ, ആ അമ്മയുടെ സ്നേഹം നിറഞ്ഞ വദനാംബുജത്തിൽ നോക്കി, "അമ്മാ'' — എന്നൊന്നവിടുന്നു വിളിച്ചിരുന്നെങ്കിൽ, ആ ഹാ, നിശ്ചയമായും സ്നേഹപാരവശ്യത്താൽ തൻെറ ഹൃദയം പിളന്നു, തരളമായി, അവിടുന്നു മൃതിയടയുമായിരുന്നു! പക്ഷേ, പീഡനം പൂർത്തിയാകാഞ്ഞതിനാൽ, "അമ്മാ'' എന്നവിടുന്നു വിളിച്ചില്ലത്രേ!

'അമ്മ'—എന്ന ആ കേവലം രണ്ടക്ഷരത്തിൽ ജീവനും ജീവിതവും, പ്രേമവും പ്രപഞ്ചവും, തലയുയർത്തി നില്ക്കുന്നില്ലേ? ''തൊട്ടിലാട്ടുന്ന കൈയ് ഉലകം ഭരിക്കുന്നു,'' എന്നുണ്ടല്ലോ. അതേ, ആ സ്നേഹം നിറഞ്ഞ മാതാവിൻെറ സ്വന്തം രക്തം തന്നെയല്ലേ—ആ മരക്കുരിശ്ശിൽനിന്നും ഇററിററു വീഴുന്നതു്? പ്രാണൻ പിരിയാൻ കുതറിത്തപിക്കുന്ന ആ മരണദാരുണ തരുണത്തിൽ, "അമ്മാ'' — എന്നൊരുവുരു അവിടുന്നു സ്നേഹപൂർവ്വം ഉച്ചരിച്ചിരുന്നെങ്കിൽ—തീന്നു, അതോടെ നാഥൻ ഹൃദയം തകന്നു, സഹിക്കവയ്യാത്ത ഹൃദയവേദനയോടെ മൃതിയടയുമായിരുന്നു. അത്രയ്ക്കു സന്തപ്തനായി, സവ്വതും പൂർത്തിയാകുംമുമ്പേ, മരണമടയരുതെന്നു കരുതിയായിരിക്കണം, അവിടുന്ന്, ആ സ്നേഹം നിറഞ്ഞ അമ്മയെ, "സ്ത്രീയെ'' എന്നു വിളിച്ചതു്!

ഇവിടെ വിമൎശനം എത്രതന്നെ കൎശനമായിരുന്നാലും, സ്നേഹത്തിനുവേണ്ടി സ്നേഹിതനായ്പ്പിറന്ന് സ്വസ്നേഹിതക്കായി, സ്നേഹബലി ചെയ്തു, സ്നേഹസമേതം മരിക്കുന്ന ക്രിസ്തുനാഥൻെറ സ്നേഹം, സ്നേഹത്തിൻെറ വിശ്വാഖ്യാജ്ജയിൽ തങ്കലിപികളാലങ്കിതമാകേണ്ട ഒരു നവീന സ്നേഹാദ്ധ്യായമാണു തുറന്നിരിക്കുന്നതെന്നുള്ള പരമാൎത്ഥം, വിമൎശനവൈരൂപ്യത്തെപ്പാടേ വിപാടനം ചെയ്തതന്നെ ചെയ്യും!

അപ്പോൾ മദ്ധ്യാഹ്നം കഴിഞ്ഞിരുന്നു! പ്രതാപപൂരിതനായ പ്രഭാകരൻ വിവൎണ്ണനായി ഒരു മേഘപടലത്തിൽ മറഞ്ഞുനിന്നു! ലോകമാസകലം കൂരിരിട്ടു വ്യാപിച്ചു! അങ്ങുമിങ്ങും ഭൂമികുലുക്കമുണ്ടായി. ഈ പ്രകൃതിയുടെ വികൃതി കണ്ടു് ചില പ്രവാചകന്മാർ, "ഒന്നുകിൽ ജഗദീശൻ ദുരന്തമനുഭവിക്കുന്നു; അല്ലെങ്കിൽ അവിടുന്നു് അതിദയനീയമായ് മരണമടയാൻ പോകുന്നു"—എന്നു പ്രവചിച്ചു. ഇങ്ങനെ ഏതാണ്ടു നീണ്ടിരുണ്ട മൂന്നു മണിക്കൂറുകൾ അവിടുന്നു് ആ മരണമര മെത്തയിൽക്കിടന്നു് പിടഞ്ഞിരുന്നു. ഒടുവിൽ അവിടുന്നു്, വിശുദ്ധ മാൎക്കോസ് പറയുംപോലെ ശൈശവത്തിൽ സ്വമാതാവിൽനിന്നും പഠിച്ച "അർമീനിയൻ" ഭാഷയിൽ തന്നെ, ഏററവുമധികം ഹൃദയവേദനയോടെ, ഇങ്ങനെ അത്യുച്ചത്തിൽ നിലവിളിച്ചു! "ELOI, ELOI, LAMMA, SABACHTHANI?"—"എൻെറ ദൈവമേ, എൻെറ ദൈവമേ, എന്തുകൊണ്ടു നീ എന്നെക്കൈയ്‌വിട്ടു!"

അഹോ, ഈ പൊട്ടിക്കരച്ചിൽ, അവിടുത്തെ ഹൃദയവ്യഥയെ ദീനംദീനം വിളംബനം ചെയ്ത ഏററവുമധികം അസഹനീയമായ ഒരു സന്താപസന്ദേശമായിരുന്നു! അങ്ങയുടെ സൎവ്വശക്തിയും രുധിരധാരയായ് പ്രവഹിച്ചു തീൎന്നിരുന്നു! നാഥൻെറ ശേഷിമുഴുവനും തന്നെ, നീറിക്കീറിയ തനുതലത്തിലെ, രക്തലിപ്തമായ ഓരോ മുറിവിലും മങ്ങുക

യായി! ആഹാ! മനുഷ്യപുത്രൻെറ മനമലിയിക്കുന്ന മരണ വേദനകൾ! എത്രയെത്ര യുഗ യുഗങ്ങളായി അവിടുന്ന്, ദൈവവുമായി ഒരുമിച്ചുല്ലസിച്ചു സല്ലപിച്ചിരിക്കില്ല! എന്തെന്തു പരമാനന്ദാനുഭൂതികൾ, അവിടുന്ന്, ആനന്ദതുന്ദിലനായി അനുഭവിച്ചാശ്വസിച്ചിരിക്കില്ല!! ഏതേതു പവിത്രപരിപൂത വിഭൂതിയുടെ, പരമപാവന പരിലാളനമേററവിടുന്ന്, പുളകം പൂശിയിരിക്കില്ല!!! എന്നാൽ, ഇപ്പോൾ അതിൻെറയെല്ലാം ഒരു പ്രത്യാഘാതം! നീറുന്ന മരണവേദനയുടെ നിശിതമായ ദീനരോദനം!! അതായിരുന്നു, അവിടുത്തെ ഇങ്ങനെ കരയിച്ചത്!!!

ലോകാരംഭംമുതൽ അവസാനംവരെ മനുഷ്യർ ചെയ്തതും, ചെയ്യുന്നതും, ചെയ്യാനിരിക്കുന്നതുമായ നിരവധി പാപഗണങ്ങൾ അതിൻെറ വിഷദംഷ്ട്ര ചുഴററിവാലും കുത്തി നിവർന്നുനിന്നുകൊണ്ടു തുറിച്ചു നോക്കി! കാമ, മോഹ, മദ, മാത്സര്യങ്ങൾ, അതഹ്ഹിക്കുന്ന ഗൗരവാഹ്വാനത്തോടേ, ഗളനാളമുയർത്തി, പ്രതികാര ഭീകരതയോടേ ഇരച്ചുവന്നു!

വിശുദ്ധ പൗലോസിൻെറ ഭാഷയിൽ പറഞ്ഞാൽ, "ക്രിസ്തു—ശാപമോക്ഷത്തിന്നായും, പശ്ചാത്താപ പ്രകടനത്തിന്നായും മനുഷ്യാവതാരമെടുത്ത യേശുനാഥൻ ഇത്രയ്ക്കു ദുരന്തമനുഭവിച്ചതു്, മനുഷ്യവർഗ്ഗത്തോടു് ദൈവത്തിനുള്ള കോപം ഒന്നുകൊണ്ടു മാത്രമാണ്!''—ഈ യാതനയും, വേദനയും ഒരു മനുഷ്യജിഹ്വയ്ക്കും വർണ്ണിക്കാവതല്ല! ഒരു തൂലികയ്ക്കും അതു പരിപൂർണ്ണമായ് ചിത്രീകരിക്കുകയും സാദ്ധ്യമല്ലത്രേ!

ആ പീഡാനുഭവ നിമിഷങ്ങളിൽ, വിണ്ഡലം, അവിടുത്തെ വീക്ഷണകോണത്തിൽനിന്നും പരോക്ഷമായിരുന്നു! നരകം മാത്രം അതിൻെറ പരുപരുത്ത ദാരുണ മരണഘോഷണത്തെ ഉച്ചൈസ്സരം ഉദ്ഘോഷിച്ചുകൊണ്ടു് അങ്ങേ

നേക്കു തുറിച്ചു നോക്കിക്കൊണ്ടേയിരുന്നു! ആ അനന്തമായ ദുരന്ത ബന്ധുരതയ്ക്ക്—നിഷ്ഠുരമായ ആ നിസ്സംഭന നിഷ്പന്നനിസ്സാരങ്ങൾക്ക്—അനശ്വര പരാശക്തിയായ—ആ ദൈവപുത്രൻ തന്നെ ബലിവസ്തുവായത്രേ!

വികാരദന്തുരമായ ആ ദുരന്താന്തരീക്ഷത്തെ സന്തപ്തസമ്പുളിതമാക്കുമാറു് ഇടനെഞ്ഞുടഞ്ഞു പിടയുന്ന ഒരാർത്ത നാദം ഇതാ, അവിടെ മാറ്റൊലിക്കുന്നു: "എനിക്കു ദാഹിക്കുന്നു! വിശന്നു വിവശനായ അവിടുന്ന് അത്യാർത്തിയോടുകൂടി ഒരു തുള്ളി പച്ചവെള്ളത്തിനു യാചിക്കയോ? പച്ചവെള്ളം മുന്തിരിച്ചാറാക്കി മാറ്റിയ മായാമയനു ദാഹിക്കുന്ന പോലും! പൈതലിനു പാലും, മധുപനു മകരന്ദവും, വേഴാമ്പലിനു മഴപൊഴിപ്പും, പ്രദാനംചെയ്ത പ്രപഞ്ച സ്രഷ്ടാവിനു് ഒരു തുള്ളിപ്പച്ചവെള്ളം നല്കാൻ ഹൃദയമുള്ള ലോകം അവിടില്ലായിരുന്നുവെന്നോ? ആശ്ചര്യമായ ജനസമൂഹം!

അടുത്തുനിന്നിരുന്ന സേവകന്മാരിലൊരുവൻ അവക്കായി നിക്ഷേപിക്കപ്പെട്ടിരുന്ന കയ്പ്പു ചാരായത്തിൽനിന്നും അല്പം എടുത്തു്യത്തി. എന്നാൽ ക്രൂശിതനായ്ക്കിടന്ന അദ്ദേഹത്തിൻെറ തിരുവായ്‌വരെ അതുയർത്തിക്കൊടുക്കുന്നതിന്നു് അവനു കഴിഞ്ഞിരുന്നില്ല. തന്നിമിത്തം അവൻ ആ പാനപാത്രം ഒരു കന്തത്തിൻെറ മേൽഭാഗത്തുവെച്ചു കെട്ടി അദ്ദേഹത്തിൻെറ തിരുവായ്ക്കു നേരേ ചേർത്തു കൊടുത്തു! കരുണാമൂർത്തിയായ അവിടുന്ന്, അതൊന്നു സ്പർശിച്ചു. തദനന്തരം, പിടഞ്ഞുടയുന്ന തനുകുലം കുടഞ്ഞു കുടഞ്ഞു്, ദുഃഖപാരവശ്യത്തോടുകൂടി അദ്ദേഹം അവിടെ തടിച്ചു കൂടിയിരുന്ന ജനതതിയെ ഒന്നു പരിവീക്ഷണം ചെയ്തു! ഒരു നിമിഷത്തിനുള്ളിൽ അവിടുന്ന്, ലോകാരംഭംമുതൽ അവസാനംവരെയും, ജനനംമുതൽ തിരുമരണംവരെയും താൻ ചെയ്തിരുന്ന സകല സുകൃതപ്രവൃത്തികളിലേക്കും ഒന്നു കണ്ണോടിച്ചു!

DHARMARAM LIBRARY, BANGALORE. 14653



അദ്ദേഹത്തിനു മുമ്പും പിമ്പും, ഉള്ളതും പോയതും വരാനിരിക്കുന്നതുമായ സകലനീതിമാന്മാരെയും അവിടുന്നു ദർശിച്ചു. അതിനുശേഷം ഹൃദയവ്യഥ താങ്ങവയ്യാതെ ആ പരൻപ്പരാൻ പരിതപ്ത ചിത്തനായ് ഇങ്ങനെ തിരുവായ്മൊഴിഞ്ഞു! "ഇതാ, സർവ്വവും പൂർത്തിയായി.''

ആ ഹാ, മുപ്പത്തിമൂന്നു നീണ്ട സംവത്സരങ്ങളിലെ മനുഷ്യവാസംകൊണ്ടു് മൂന്നുലോകവും രക്ഷിച്ച ആ പരാമൃത പരിത്യാഗി, തൻെറ ധർമ്മസമ്പൂർണ്ണമായ ജീവിതഭാരം അതാ പൂർത്തിയാക്കി! ആ വഹിവയ്യാത്ത നരപരിത്രാണനത്തിൻെറ ഭീകരഭാരപാരമ്യം—ആ മനുഷ്യരക്ഷയാകുന്ന ധാർമ്മിക ഭണ്ഡാഗാരം, ഇതാ, തൻെറ വ്രണിതസ്കന്ധയുഗളങ്ങളിൽ നിന്നും ഇറക്കി വെയ്ക്കുന്നു! അതോടുകൂടി "ഇതാ, സർവ്വവും പൂർത്തിയാ''കുന്നു! മനുഷ്യപരിരക്ഷക്കായുള്ള തിരുവവതാരം, സോപാനം, ജീവിതം, പരിപീഡനം, കുരിശുമരണം—അതോടെ പരിത്രാണനം ഇതെല്ലാം ഇതാ, സമാപിച്ചിരിക്കുന്നു!

ഇങ്ങനെ ഈ വിശാലമായ വിശ്വംഭരയോട് ശ്രീയേശുനാഥൻ അന്ത്യയാത്ര പറഞ്ഞു കഴിഞ്ഞു! പിന്നീട്ട് അവിടുന്ന്—പരിക്ലിഷ്ടനായ ആ പരിപൂതപരിത്യാഗിൻ—തൻെറ തുറിച്ച തുടുത്ത കൺമണികളെ ഇളക്കിക്കൊണ്ട്—ആ പരിച്ഛേദിത ശിരോഗോളം മേലോട്ടുയർത്തി—അതാ—സഹിക്കവയ്യാത്ത പീഡനത്താൽ വീണ്ടും നമ്രശിരസ്കനാകുന്നു! രക്തലിപ്തമായ തന്നുതലം കടഞ്ഞും, ചുഴററിയും, പിടഞ്ഞും, ഇടഞ്ഞും, ആ പൊന്നോമനത്തങ്കക്കുടം വിങ്ങി വിങ്ങിക്കരയുകയായി. ക്ലേശഭാരത്താൽ—സഹിക്കവയ്യാത്ത പരിഖേദത്താൽ, അതാ, അല്പം ഒന്നു തുറക്കുന്നു, ആ തിരുവായ്— "പി...താ...വേ...'' തകന്ന ഹൃദയത്തോടുകൂടി വിറപൂണ്ട അധരത്തോടുകൂടി അവിടുന്ന് തൻെറ അന്ത്യോക്തിക

ളെ തുടൻ പ്രസ്താവിക്കുന്നു. "ഇതാ...അ... ങ്ങേ ... തൃ ... കൈകളിൽ...ഞാൻ...എന്റെ... ജീ...വ...ൻ...സ ..മ... ർപ്പി...ക്കു...ന്നു!"

ആഹാ, വിണ്ഡലവും വിണ്ടു തുണ്ടാകുന്ന ആ നിലവിളി!—അതു് ഈ ലോകത്തിലെ അതിദയനീയമായ—ഏററവുമധികം കരുണാപൂരണമായ — ദാരുണരോദനമായിരുന്നു! ഇങ്ങനെ, അവിടുന്നു തന്റെ ദിവ്യദേഹിയെ, തന്റെ പരമപിതാവിന്റെ പാവനപാണീപത്മങ്ങളിലേയ്ക്കു സമർപ്പിക്കുന്നു! പാപവിഹീനനായ ഒരു പരിപൂതപുത്രന്റെ പരമദാരുണമായ ഒരാത്മസമർപ്പണമായിരുന്നു; അതു്! പരമകാരുണികനായ ഒരു സർവ്വസംഗപരിത്യാഗിയുടെ, പവിത്രഗാത്രം പിടഞ്ഞുപിടഞ്ഞു്, ഹൃദന്തം തകന്നു്, വിശ്വചക്രവാളങ്ങളും തുളച്ചു പാഞ്ഞു്, വിണ്ഡലത്തിനു വീർപ്പുമുട്ടിക്കുന്ന ലോകൈകശോകാന്തമായ ഒരു മരണാന്ത്യരോദനമായിരുന്നു; അതു്!! ഏതൊരപ്രമേയപ്രഭാനികുഞ്ജത്തിൽനിന്നും ഉൽഫുല്ലമായി, ഏതൊരു ശാശ്വത നികേതനത്തിലാണോ — അതു പരമാത്മ്യമടഞ്ഞു സായൂജ്യം കൊള്ളേണ്ടതു്—ആ അനശ്വരജ്യോതിസ്സിലേയ്ക്കുള്ള ദിവ്യദേഹിയുടെ ഒരു സംപൂജ്യസായൂജ്യമടയലായിരുന്നു; ആ ദാരുണരോദനം!!!

ഏറെക്കുറെ എല്ലാ ശിഷ്യന്മാരും അല്പം വിദൂരതയിൽനിന്നും ഈ അന്ത്യരംഗം നോക്കിക്കൊണ്ടുതന്നെ നിന്നിരുന്നു! എന്നാൽ അവരുടെ ഏവരുടെയും കണ്ണുകന്ദരം തകത്ത ഏററവും ഭയാനകവും, അതിദാരുണവുമായ രോദനം, ദിവ്യനാഥന്റെ ഈ ആത്മസമർപ്പണം തന്നെ ആയിരുന്നു! അഹോ, ഈ അന്ത്യരോദനംപോലെ, അത്രമാത്രം അവിടുന്നു് — പരിതാപപാരവശ്യത്തോടേ—ഇത്രയ്ക്കു് അത്യച്ചത്തിൽ തന്റെ ജീവിതത്തിൽ മറെറാരു തരുണത്തിലും വിലപിച്ചിരുന്നില്ല! അങ്ങയുടെ ഈ ദീനരോദനം കേട്ടു ഭൂലോകം പിള

ന്നുപോയി! പാറകൾ പൊട്ടിത്തകന്നു! വജ്റങ്ങൾ ഉരുകി ഒഴുകി!! അംബരമാസകലം പ്രകമ്പിതമായി!!! സ്വർഗ്ഗലോകം സ്തബ്ധമായി, ശോകമൂകതയിൽ ലയിച്ചിരുന്നു! അങ്ങനെ, ഇതാ, മനുഷ്യപുത്രൻ തൻെറ തിരുശ്ശിരസ്സ് വലത്തേയ്ക്കു് അല്പം ചരിച്ചു്, കൺമണികൾമൂടി, ദിവംഗതനായി!

ഉടനടി ദേവാലയത്തിലെ തിരശ്ശീല രണ്ടായ്ക്കീറി ഉന്നു! ഭൂതലം കലുങ്ങി, കമ്പിത ചിത്തയായി! ശിലാതലം പൊട്ടിത്തകന്നു ഛിന്നഭിന്നമായി! ശവകുടീരങ്ങൾ പിളന്നു വാന്നു് പല പല പരിശുദ്ധാത്മാക്കളും ഉയിർത്തുവന്നു! അവിടത്തെ ആ ദാരുണ മരണത്തെ അങ്ങനെ വിശ്വംഭര മുഴവൻ ശോകാർത്തനത്തോടെ, വിളിച്ചറിയിച്ചു!! പ്രകൃതി അനുശോചനമപ്പിച്ചു!!!

അല്ലല്ലാ, ഹേ, നന്ദികെട്ട ജനസമൂഹമേ, നീ ക്രൂശിച്ചതാരെയെന്നോ? നിനക്കറിഞ്ഞു കൂടല്ലോ! ഞാൻ പറഞ്ഞു തരാം: ഒന്നു തിരിഞ്ഞു നോക്കൂ! ആ കാനയിലെ കല്യാണത്തിനു്, കല്യകല്യാണ കൈവല്യം കൊളുത്തിയ കാരുണ്യമൂത്തിയെയാണു് നീ നിഹനിച്ചതു്! ആതുരനായ നിനക്കു് ആശ്വാസമരുളി, നിന്നെ സംരക്ഷിച്ചു വരുന്ന, നിൻെറ സ്വന്തം പിതാവിനെത്തന്നെ! അല്ലല്ലാ, അന്ധനായ നിൻെറ പാപനിമീലിതങ്ങളായ, നയന യുഗളങ്ങളെ കനിവിൻെറ കരംതൊട്ടു തുറന്നു തന്ന ആ കരുണാമൂത്തിയെ! നോഹിനു വിശ്വാസസന്ദേശവും, മോസസ്സിനു വേദാന്തവും എബ്രഹാമിനു പൈതൃക പരിപാവനതയും, സോളമനു് സജ്ജ്ഞാനവും, സീസറിനു് ഭരണപ്രവീണതയും, സോക്രട്ടീസിനു് തത്വചിന്തയും, അരിസ്റ്റോട്ടലിനു് അത്യഗാധബോധവും, ഹോമറിനു് ഭാവനാവിലാസവും, മിൽട്ടനു് മേധാവിലാസലാളിത്യവും, പീലാത്തോസിനു് രാജനീതിയും നല്കിയ ആ നി

യതീനിയാമകനെയാണ്, നിഷ്ഠുരനരവൃന്ദമേ, നീ നിഹനിച്ചതു്! അന്നത്തെ പ്രക്ഷുബ്ധാബ്ധിയിൽ, കാററും കടലും ഒരു ക്തിക്കടിമപ്പെട്ടത്തി, മുന്നേറിയ, ആ മുക്തമുക്തിദായകനെയാണ്, നീ നിഗ്രഹിച്ചതു്! മരിച്ചു മൂന്നുനാളായിട്ടും, മൺകട്ട പൊട്ടിച്ച്, മായാമയമായ മൂടുപടത്തെ പാടേ വിപാടനംചെയ്ത് കേവലം കരുണോക്തികൊണ്ടുമാത്രം ലാസറിനു ജീവദാനംചെയ്ത, ജീവലോക ജീവേശനെയാണ നീ സംഹരിച്ചതു്! അന്ധനു കാഴ്ചയും, ബധിരനു കേഴ്‌വിയും, രോഗികൾക്ക് ആരോഗ്യവും, മുടന്തനു് അംഗലാവണ്യസിദ്ധിയും, പീഡിതനു പരമാനന്ദവും പ്രദാനംചെയ്ത ആ പരൻപുരാനെയാണ് നീ കണ്ണുംമൂടി കത്തിക്കൊലചെയ്തതു്! കേവലം അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ ഊട്ടിമിച്ചംവച്ച ആ സച്ചിന്മനെയാണ് നീ ക്രൂശിച്ചതു്! തന്നെത്തന്നെ സ്വയംദേഹീദേഹങ്ങളായി ബലിനല്കി, "നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക—" എന്ന വിശാഗീതാമൃതം മൊഴിഞ്ഞ ആ വിശ്വൈകകവിവര്യനെയാണ് നീ ക്രൂശിച്ചതു്! നശിച്ച ലോകമേ, ഈ വിശ്വംഭരയിലുള്ള സകല വങ്കടലുകളൊന്നുചേൻ വന്നാലും, സകലകൊണ്ടൽത്തുണ്ടുകളൊരുമിച്ചു മഴ പൊഴിച്ചാലും, നിൻെറ ഈ പാപപങ്കം പ്രക്ഷാളനം ചെയ്യ സാദ്ധ്യമോ???

ക്രിസ്തുവിൻെറ മരണവേളയിലുണ്ടായ പ്രകൃതിമാററങ്ങൾ കണ്ടുകൊണ്ടു്, റോമാസേനാധിപൻ മാത്രമായിരുന്നു, ആദ്യമായി അങ്ങയുടെ മുമ്പിൽ നമ്രശിരസ്കനായതു്. അദ്ദേഹം തൻെറ ഭടസഞ്ചയവുമായി, ഈ രംഗങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടു് ക്രിസ്തുനാഥനെതിരായി നിലകൊണ്ടിരുന്നു! ഭൂമികുലുക്കം കണ്ടയുടൻ, കർത്താവിൻെറ വികാരഭന്തുരമായ ആ അന്ത്യവിലാപം കേട്ടയുടൻ ഭയചകിതനായി ആ ഭടനായകൻ ദൈവത്തിനു സ്തുതി പറഞ്ഞുകൊണ്ടു്, ഇങ്ങനെ സമാധാനം ചെയ്തു: "ഓ, ഇതു സത്യമായും ഒരു

നീതിമാനായിരുന്നു; അഹോ, നിശ്ചയമായും ഇദ്ദേഹം ദൈവപുത്രൻ തന്നെ ആയിരുന്നു!'' തദനന്തരം അയാൾ സ്വയം വിലപിച്ചു: "കഷ്ടം, ഈ നിഷ്ഠുരകർമ്മത്തിനു ഞാനും ഭാഗഭാക്കായല്ലോ. ഈ നീതിമാന്റെ നിർദ്ദയമർദ്ദനത്തിനു, ഞാനും പങ്കാളിയെന്നോ? ആഹാ, ജഗദീശ്വരാ, അന്ധനായ എന്റെ അപരാധങ്ങളെ ദയാപൂർവ്വം ക്ഷമിക്കേണമേ!'' അതേത്തുടർന്ന്, അവിടെ അവരോടടുത്തുണ്ടായിരുന്നവരും, "സത്യമായും, ഇദ്ദേഹം ദൈവപുത്രൻതന്നെ ആയിരുന്നു'' എന്നു വിളിച്ചു പറഞ്ഞു!

അവിടെ യേശുനാഥനോടൊത്തു ക്രൂശിതനായിരുന്ന തസ്കരന്മാർ ഇനിയും മരിച്ചിട്ടില്ലായിരുന്നു! യഹൂദനിയമമനുസരിച്ച്, യാതൊരു കൊലയാളികളെയും ഒരു ദിവസത്തിൽക്കൂടുതൽ കൊലക്കളത്തിൽ നിർത്തിക്കൂടായിരുന്നു! തന്നിമിത്തം ആ യഹൂദസംഘം, ചോരന്മാരെ കുറെക്കൂടി കഷ്ടപ്പെടുത്തി വേഗം വധിക്കാനായി പീലാത്തോസിൽനിന്നും കല്പന വാങ്ങി! ആജ്ഞാനുസരണം ഒരു സംഘം ഭടന്മാർകൂടി കാൽവരിയിലേയ്ക്കു വന്നെത്തി! അവർ വന്ന്, ആ രണ്ടു ക്രൂശിത തസ്കരന്മാരുടെയും കാലുകളും, തുടകളും, കുത്തിത്തുളച്ച്, അവരെ വളരെവേഗം മരണവിധേയരാക്കി! പിന്നീടവർ യേശുനാഥനെ സമീപിച്ചു! എന്നാൽ അതു വെറുമൊരു പിണപിണ്ഡം മാത്രമായിരുന്നു! അദ്ദേഹത്തിന്റെ അംഗവിഛേദനം, ഒരനാവശ്യകൃത്യമായി അവൎക്കുതോന്നി! അതിനാൽ അവരിൽ ഒരുവൻ ആ ജഗന്നിയന്താവിന്റെ ജഡത്തിൽ ഇനിയും ജീവാവശിഷ്ടമുണ്ടോ എന്നു നിശ്ചയിച്ചുറയ്ക്കുന്നതിനായി, അദ്ദേഹത്തിന്റെ വന്ദ്യവക്ഷസ്സിന്റെ വാമഭാഗം ഒരു കുന്തംകൊണ്ടു കുത്തിത്തുളച്ചു! അഹോ, അത്ഭുതമേ, ആ മൃതിയടഞ്ഞ ഹൃദയാന്തരത്തിൽനിന്നും ചോരയും, വാരിയും, ധാരധാരയായ് പാഞ്ഞുവന്നു! ഇങ്ങനെ ശ്രീയേ

ശ്രുനാഥൻ, തന്റെ അന്ത്യനിണകണംപോലും മനുഷ്യമക്കൾക്കായി കാണിയ്ക്കയണച്ചു!

അതാ, പരിത്യാഗത്തിന്റെ പരമസമുന്നതിയിൽ, പരസ്നേഹത്തിന്റെ പരിപൂതപാരമ്യത്തിൽ—സഹനത്തിന്റെ സാന്ദ്രസംപൂതിയിൽ—സ്പന്ദിക്കുന്ന ഹൃദയസ്നേഹമകരന്ദപ്രവാഹത്തോടുകൂടി, സാഹോദര്യത്തിന്റെ സൗഹൃദസീമയിൽ—അതേ—ആ കാൽവരിഗിരി നിതംബത്തിൽ—കാൽകരം വിരിച്ചു കാലധർമ്മമടഞ്ഞ ആ കാരുണ്യമൂർത്തിയെ നിങ്ങൾ കാണുന്നില്ലേ? അവിടുത്തെ സ്വർഗ്ഗീയ സ്നേഹസന്ദേശങ്ങൾ നിങ്ങൾ ചെവികൊള്ളുന്നില്ലേ? അനന്തമായ, ദുരന്തസന്തപ്തബന്ധുരതയിൽ, തൂങ്ങിത്തളർന്ന്, തേങ്ങിത്തകർന്ന്, വിരളമായി—ചൈതന്യ വിഹീനനായി—തൂങ്ങിക്കിടക്കുന്ന ആ പരിപൂതകളേബരത്തെ നിങ്ങൾ ഒന്നു ദയാപൂർവ്വം നോക്കുമെങ്കിൽ!

മസ്തിഷ്കശൂന്യരായ മനുഷ്യഷണ്ഡങ്ങളുടെ മഹാപരാധത്തിനു മാപ്പുനല്കാൻ, ഹേ, ജഗദീശ്വരാ, അങ്ങ് ഇങ്ങനെ തൂങ്ങിത്തൂങ്ങി, പരിക്ലിഷ്ടനായ് പരലോകം പൂകിയെന്നോ!

ആഹാ, പരാമൃത പരമപാവന പരിത്യാഗിൻ, "ഞങ്ങളുടെ കടക്കാരോട്, ഞങ്ങൾ പൊറുക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കുക"—എന്നും, "തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറ്റെല്ലാവരെയും സ്നേഹിക്കുവിൻ"—എന്നും സ്നേഹഗീതയോതിയ ലോകൈക ഗുരോ, അവിടുത്തെ ആ പൊൻതാമരത്തനുതലം, ചൈതന്യഹീനമായ്ച്ചമഞ്ഞെന്നോ? ഉലകിന്റെ ഉയിരായ അവിടുത്തെ നേത്രയുഗളങ്ങൾ, നീറുന്ന മരണയാതനയിൽ നിമീലിതങ്ങളായെന്നോ! അമ്പമ്പോ, ഈ പകരപൂരം പരന്ന

പകലോനെത്തീർത്ത ആ പൊന്നോമനക്കരവല്ലികൾ—പാലൊളിക്കോമളിമയൊളിക്കുന്ന— ആ, വെൺതിങ്കളെച്ചമച്ച ചെന്താമരക്കരതലങ്ങൾ—ഈ പരുപരുത്ത കാരിരുമ്പാണികളാൽ പിളർന്നു വിരളമായെന്നോ! ഇതോ, മാനവകുലത്തിൻെറ കൃതകേതരമായ കൃതജ്ഞത! അല്ലല്ലാ, ആന്ധ്യമായ പാപോപഹാരം! ജടിലമായ ജഗന്നീതി!

മലിന മാനസരായ മനുഷ്യസഞ്ചയമേ, നിങ്ങളുടെ കനിവററ ആ ശിലാഹൃദയങ്ങൾ—ആ കാല്വരിയിലെ സ്പന്ദിക്കുന്ന ത്യാഗപീഠത്തിലേയ്ക്കൊന്നലിഞ്ഞു ചേർന്നെങ്കിൽ!

സ്വപിതാവിനെ സംഹരിച്ച നന്ദികെട്ട നരസമൂഹമേ, കാരുണ്യക്കടലിൽ ചിന്നിച്ചിതറി, വിറച്ചു വിവശമായി, വിങ്ങിവിങ്ങിക്കരയുന്ന ആ കാൽവരിക്കുന്നിൻെറ കരുണാരോദനം നിങ്ങളൊന്നു ചെവിക്കൊള്ളുമോ, ആവോ!



**First Written on 15—8—1957.**
Carmel E. H. S., Nagercoil.

**Re-written on 5—5—1955.**
Bukit Timah Road,
Singapore 23.

**References from:-**

"The Christ, The Son of God."
By
'The Abbe Constant Fourd.'

(Book 17-2-1908 Original in French.)
Chapters— V, VII. & VIII.

| | |
|---|---|
| St. John—XIX-16-22; XX-31-42.<br>St. Mathew—XX VII-31-34, 37-38; XXVII-51-56.<br>St. Mark—XV-20-23, 25-27; XV-38-47.<br>St. Luke—XXIII-26-34, 38; XXIII-45-47-56. | HOLY BIBLE |

ന്തി, "ത്യാഗത്തിൻെറ ബലിപീഠത്തി" ലേക്കാരോഹണംചെയ്യുന്ന ആ സർവ്വസംഗപരിത്യാഗിയെ നിങ്ങൾ ആരുംതന്നെ അറിയാതിരിക്കില്ല. അതോടൊപ്പം, 'ജീവിതം' – 'ഇരുട്ടറയിൽനിന്നും' – 'അന്ധൻ'–എന്നീ സൃഹൃത്തുക്കളെയും ഇതിൽ നമുക്ക കാണാം".

5. "അവൾ പോയി"–"നൈരാശ്യത്തിൻെറ നെടിയ നിഴലാട്ടം നറുനെറുകയിൽ ചുംബനം ചെയ്തിട്ടും, സന്താപത്തിൻെറ തീച്ചൂള ഹൃദന്തം ചുട്ടുവാട്ടിയിട്ടും, സാന്ത്വനത്തിൻെറ സായന്തനത്തിൽ ശാന്തിചിന്തിക്കൊണ്ടാണ്, "അവൾ" പോകുന്നതു്. 'അവൾ പോയി'–'കാലം ചെന്ന കവി' – 'യാചകൻ' – 'കിഴവൻ'– എന്നീ നാലു നവരത്നങ്ങൾ കോർത്തിണക്കിയ ഒരു കന്നാംതരം കവനകലാമാലയാണ്, ഈ കൊച്ചുകാവ്യം!"

6. "ചോദ്യചരിഹ്നം" – "ഭാസുരമായ ഭാവനയും, ഭാവമത്തമായ കവനപ്രസരിപ്പും കൂടി ഒന്നുചേർന്നുകൊണ്ടാണ്, ഈ 'ചോദ്യചരിഹ്നം' ഗളനാളമുയത്തുന്നതു്. 'ചോദ്യചരിഹ്നം' – 'ചിറകൊടിഞ്ഞ പക്ഷി'–'എൻെറ മാലതി' – എന്നീ കവനത്രയങ്ങളുടെ കമനീയ കലപ്പുകളത്രേ, "ചോദ്യചരിഹ്ന"ത്തിലൂടെ അനുവാചകർക്ക കാണ്മാൻ കഴിയുക."


7. "ചെമ്മാനം"–"ചെറുതെങ്കിലും, ചെറുചെറപ്പുള്ള ആ "ചെമ്മാനം" നല്ല ചുറുചുറുക്കോടുകൂടിയാണ പുഞ്ചിരിക്കുന്നതു്. 'നടുക്കടലിൽ' – ഒരു 'തകന്ന വീണ'–കൂടിച്ചേന്നപ്പോൾ "ചെമ്മാന" ത്തിൻെറ ചെഞ്ചിരി ഒന്നു കാണേണ്ടതു തന്നെയാണ്."

8. "നശ്വരം"–"പരിണാമഗുപ്തിയുടെ പാരമ്യവും, കഥാഘടനയുടെ ഔചിത്യവും, ഭാഷായോഷയുടെ അവിലംബനീയമായ വിലാസവൈവിധ്യവും വരിച്ചുകൊണ്ടു് ഒരു "മുഖംമൂടി" – മുന്നേറുന്നതായ ഒരു സരസസുന്ദരമായ ഡിറെക്ടീവ് നോവലാണ്, "നശ്വരം"

DC Library
*00014653*
T61 C40

ASSISI PRESS
QUILON.

# കാല്‍വരിയിലെ ക്രിസ്തു




"...I, ELOI, LAMMA SABACHTHANI"

"...ന്റെ ദൈവമേ, എന്തുകൊണ്ടെന്നെ നീ കൈവിട്ടു?"

T61
CA0

...പരിപൂരം കാല്‍വരിക്കുന്നു ഘോരം,
...ട മണിപാരം കൊട്ടി വേദാന്തസാരം;
...ുരഭാരം പേറിയ പ്രേമസാരം,
...മ ഗുരുധീരം മാഞ്ഞിതെൻ പ്രേമതാരം!"

("ത്യാഗത്തിന്റെ ബലിപീഠത്തിൽ")

എ. ജെ. ചവറ.